20
ആഗസ്റ്റ്
2018

# ജയോത്സവം ന്യൂസ്

www.jayolsavamnews.com

DATE OF PUBLISHING 20TH August 2018

തിരുവനന്തപുരം
വാർഷിക വരിസംഖ്യ
₹120
Reg.No. KERBIL/2010/31734



# നൂറ്റാണ്ടിലെ മഹാപ്രളയം
## കണ്ണീർക്കരയായി കേരളം



**കേരളം:** ജൂലൈ അവസാനം മുതൽ കേരളത്തിൽ അപ്രതീക്ഷിത അതിഥിയായി എത്തിയ മൺസൂൺ മഴ കേരള ചരിത്രത്തിൽ ഈ നൂറ്റാ ണ്ടിലെ ഏറ്റവും വലിയ പ്രളമായി മാറി. ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് കേരളം കണ്ണീർ കടലായി. മനുഷ്യൻ നിസ്സാഹയകനായി മഹാപ്രളയത്തിന്റെ മുന്നിൽ പകച്ചു നിന്നു. കേരളത്തിലെ 42 ഡാമുകളിൽ 35 എണ്ണവും തുറന്നു. 26 വർഷങ്ങൾക്ക് ശേഷം ഇടുക്കി ഡാം ഷട്ടർ തുടർച്ചയായി ദിവസങ്ങളോളം തുറന്നിടേണ്ടി വന്നു. 350 ഓളം പേർക്ക് ജീവൻ നഷ്ടമായി. ആദ്യമായി സംസ്ഥാനത്തിലെ 14 ജില്ലകൾക്കും റെഡ് അലർട്ട്. ദുരന്തബാധിത പ്രദേശങ്ങളിൽ നിന്ന് ദുരന്തനിവാരണ സേന, നാവിക കരസേനവിഭാഗങ്ങൾ, കടലിന്റെ മക്കൾ, നാട്ടുകാർ, പോലീസ് എന്നിവർ ചേർന്ന് 82,000 ത്തോളം പേരെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നിന്ന് രക്ഷപ്പെടുത്തി. പത്ത് ലക്ഷത്തിലധികം ആളുകൾ വിവിധ ഇടങ്ങളിലായി ആരംഭിച്ച 4000 ത്തോളം ക്യാമ്പുകളിൽ അഭയം തേടി. മലയോര ജില്ലകളായ ഇടുക്കി, വയനാട് പൂർണ്ണമായും തകർന്നു. ശക്തമായ മഴയും ഉരുൾപൊട്ടലുകളും ജില്ലകളെ തിരിച്ചറിയാകനാകാത്തവിധം നശിപ്പിച്ചു. കേരളത്തിലെ നൂറ് കണക്കിന് ഗ്രമങ്ങൾ തകർന്നു. ആയിരക്കണക്കിന് വിടുകൾ പൂർണ്ണമായും തകർന്നു. ലക്ഷക്കണക്കിന് ഭവനങ്ങൾക്ക് ഭാഗികമായ നാശനഷ്ടങ്ങൾ, വാഹനങ്ങൾ ഉപയോഗശൂന്യമായി. 1000 ത്തോളം കിലോമീറ്റർ റോഡ് പൂർണ്ണമായും തകർന്നു.

കാർഷികമേഖല മുഴുവൻ പ്രളയക്കെടുതിയിൽ തകർന്നു. കർഷകരുടെ സ്വപ്നങ്ങളും അദ്ധ്വാനവും കവർന്നെടുത്ത മഴ കോടിക്കണക്കിന് രൂപയുടെ കടക്കെണിയിലേക്ക് അവരെ തള്ളിയിട്ടു. കൊച്ചി വിമാനത്താവളം അടച്ചിട്ടു. ട്രെയിൻ, റോഡ് ഗതാഗതം നിറുത്തിവയ്ക്കേണ്ടി വന്നു. 80% ത്തോളം ഭാഗങ്ങളിൽ വൈദ്യുതിബന്ധം വിഛേദിക്കപ്പെട്ടു. സ്കൂളുകൾ അടച്ചിടേണ്ടി വന്നു. വ്യാവസായിക മേഖല കടുത്ത പ്രതിസന്ധിയിലേക്ക് നയിക്കപ്പെട്ടു. ആരാധനാലയങ്ങൾ തകർന്നു വീണു.

ഇന്ത്യൻ സേനയും, നാവിക സേനയും, കേരളാ പോലീസും, കേരളാ ഫയർ ഫോഴ്സും, ദേശീയ ദുരന്ത നിവാരണ സേനയും രാത്രിയും പകലും വിശ്രമമില്ലാതെ രക്ഷപ്രവർത്തനത്തിന് ചുക്കാൻ പിടിച്ചപ്പോൾ തിരുവനന്തപുരത്തെയും കൊല്ലത്തെയും മീൻ പിടുത്തക്കാർ സ്വന്തം പണം മുടക്കി ലോറികളിൽ വള്ളങ്ങളും ബോട്ടുകളുമായി ദുരന്തമേഖലകളിൽ എത്തി ജീവനെഅവഗണിച്ച് ആയിരങ്ങളെ രക്ഷപ്പെടുത്തിയത് അവിസ്മരണീയമാണ്. കടലോളം കരുതലുമായ് മൽസ്യതൊഴിലാളികൾ നടത്തിയത് സമാനതകളില്ലാത്ത രക്ഷാപ്രവർത്തനമാണ്. വീടുകളിൽ വെള്ളം പൊങ്ങിയ ചെറിയ റോഡുകളിലൂടെയും പാടങ്ങളിലൂടെയും ഇവർ തേടി ചെന്നു. കുടിവെളളവും ഭക്ഷണ സാധനങ്ങളും ക്യാംപിൽ എത്തിക്കാനും ഇവർ മുന്നിൽ നിന്നു.

നിസ്സാഹയകരായ മനുഷ്യരുടെ രോദനങ്ങൾ മീഡിയകളിലുടെ ലോകം കണ്ടത് ഞെട്ടലോടെയായിരുന്നു. ഭക്ഷണവും, കുടിവെളളവും, വെളിച്ചവും ഇല്ലാതെ ജീവനു വേണ്ടി നിലവിളിക്കുന്ന നാവജാത ശിശുക്കൾ, ഗർഭിണികൾ, രോഗികൾ, വൃദ്ധർ തുടങ്ങിയവർ. ഈ കാഴ്ചകൾ കണ്ണീപ്പുഴയായി കേരളത്തെ മാറ്റി. എവിടെയും വെള്ളത്തിന്റെ ഹുങ്കാരവും പ്രാണനായി കേഴുന്ന മനുഷ്യന്റെ കരച്ചിലും മാത്രം. കുത്തിയൊഴുകുന്ന വെള്ളത്തിൽ വഞ്ചിയും വള

പേജ് 2 ൽ തുടരും...

## സിസ്റ്റർ അഞ്ജലി പോളും മകനും പ്രത്യാശാ നാട്ടിൽ

പന്തളം: വഹനാപകടത്തിൽ മരണമടഞ്ഞ സിസ്റ്റർ അഞ്ജലി പോളിനും മകൻ ആഷേറിനും വിശ്വാസ സമൂഹത്തിന്റെ യാത്രാമൊഴി. വൻ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ ആഗസ്റ്റ് 14 ന് പന്തളത്ത് സംസ്ക്കാര ശുശ്രൂഷ നടന്നു. ആഗസ്റ്റ് 9 ന് ബാംഗ്ലൂരിൽ നിന്ന് കേരളത്തിലേക്കുളള ബസ് യാത്രയിൽ തമിഴ്നാട്ടിലെ നാമക്കല്ലിനടുത്തുവച്ചുണ്ടായ അപകടത്തിലാണ് 37 വയസ്സുളള അഞ്ജലി പോളും 10 വയസ്സുകാരൻ മകൻ ആഷേറും നിത്യതയ്ലേക്ക് ചേർക്കപ്പെട്ടത്. വാഹനാപകടത്തിലുണ്ടായിരുന്ന ഭർത്താവ് പാസ്റ്റർ ജിജോ അപകടത്തിൽ നിന്ന് പരുക്കുകളില്ലാതെ രക്ഷപ്പെടുകയായിരുന്നു.



സിസ്റ്റർ അഞ്ജലി പോൾ



ആഷേർ

ബാഗ്ലൂരിൽ ബഥേൽ എ. ജി. ചർച്ചിലെ സത്രീകൾക്ക് വേണ്ടിയുളള സമ്മേളനത്തിൽ പ്രസംഗിച്ച ശേഷം കുടുംബമായി നാട്ടിലേക്ക് യാത്ര ചെയ്യുന്നതിനിടയിലാണ് അപകടമുണ്ടായത്. ഇവർ സഞ്ചരിച്ചിരുന്ന ബസ് റോഡിൽ പാർക്ക് ചെയ്തിരുന്ന ലോറിയിൽ ഇടിച്ചിട്ടാണ് അപകടമുണ്ടായത്. സംഭവത്തിൽ ആറു പേർ മരണമടഞ്ഞു. ഇരുപതോളം പേർ പരുക്കുകളോടെ ആശുപത്രിയിലാണ്.

മലങ്കര കത്തോലിക്ക സഭയിലെ "ഡോട്ടേഴ്സ് ഓഫ് മേരി" എന്ന സന്യാസ സമൂഹത്തിലെ കന്യാസ്ത്രിയായിരുന്ന അഞ്ജലി 2008 ലാണ് സന്യാസം ഉപേക്ഷിച്ച് പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് പ്രവേശിക്കുന്നത്. നിരവധി പ്രതിബന്ധങ്ങളെ അതിജീവിച്ച് വിശ്വാസത്തിൽ പിടിച്ചു നിന്ന അവർ ചുരുങ്ങിയ കാല കൊണ്ട് ശക്തയായ സുവിശേശ പ്രസംഗകയായി മാറി. ഇന്ത്യയിലും വിദേശത്തും തിരക്കിട്ട ശുശ്രൂഷകളുമായി അവർ കതൃശുശ്രൂഷയിൽ വ്യപൃതയായി. 2007 ൽ അസംബ്ലീസ് ഓഫ് ഗോഡ് സഭാശുശ്രൂഷകനായിരുന്ന പാസ്റ്റർ ജിജോയുടെ സഹധർമ്മിണിയായി. ഈ ശുശ്രൂഷക കുടുംബം പന്തളത്ത് സ്ഥാപിച്ച അപ്പോസ്തലിക പെന്തെക്കോസ്ത് സഭ അതിവേഗം വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുകയായിരുന്നു. തണ്ണിത്തോട്, ചാരുമൂട്, തോമസ്– ലീലാമ്മ ദമ്പതികളുടെ മകളായി ജനിച്ച മിനി തോമസ് സന്യാസ സ്വീകരണത്തോടൊപ്പമാണ് അഞ്ജലി പോൾ എന്ന നാമം സ്വീകരിച്ചത്.

പേജ് 7 ൽ തുടരും...



## എഡിറ്റോറിയൽ

പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ

# നമുക്കൊരുമിച്ച് പുതിയ കേരളം കെട്ടിപ്പടുക്കാം

കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത വലിയ ദുരന്തത്തിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ ഒരു പ്രളയം കേരളത്തിൽ ഉണ്ടാകുമെന്ന് രാഷ്ട്രീയ നേതാക്കളോ കാലാവസ്ഥാ നിരീക്ഷകരോ വിചാരിച്ചില്ല. അഞ്ചോ ആറോ ദിവസത്തെ മഴ തോരാതെ നിന്നപ്പോൾ കേരളം എന്ന കൊച്ച് സംസ്ഥാനം വെള്ളത്തിൽ മുങ്ങിപ്പോയി. സാധാരണ ഇന്ത്യയുടെ വടക്കൻ സംസ്ഥാനങ്ങളിൽ ഭുകമ്പം വെള്ളപ്പൊക്കം എന്നിവ ഉണ്ടാകുമ്പോൾ വളരെ ലാഘവത്തോടെ കണ്ട് ഇതൊന്നും ഞങ്ങളെ ബാധിക്കില്ല ഞങ്ങൾ സുരക്ഷിത മണ്ഡലത്തിലാണെന്ന് ചിന്തിച്ച് അല്പം അഹങ്കാരത്തോടെ നാമും മറ്റുള്ളവരും ദൈവത്തിന്റെ സ്വന്തം നാട് എന്ന് അഭിമാനത്തോടെ വിളിക്കുന്ന ഈ സുന്ദര കേരളം ഇപ്രകാരം ഒരു പ്രളയത്തെ നേരിടേണ്ടി വരുമെന്ന് സ്വപ്നത്തിൽ പോലും ആരും ചിന്തിച്ചില്ല. തോരാതെ പെയ്തിറങ്ങിയ മഴയിൽ ഉണ്ടായ ഡാമുകളിലേക്കുള്ള നീരൊഴുക്ക് ക്രമാതീതമായി വർദ്ധിച്ചതുമൂലം കേരളത്തിലെ 33 ഡാമുകളുടെ ഷട്ടറുകൾ ഒരുമിച്ച് തുറക്കേണ്ടി വന്നു. അതോടൊപ്പം ഉണ്ടായ ഇരുൾപൊട്ടൽ, മണ്ണിടിച്ചിൽ ഇവയെല്ലാം നൂറു കണക്കിന് ആളുകളുടെ ജീവൻ അപഹരിച്ചു. പലരും എല്ലാം നഷ്ടപ്പെട്ടവരായി തീർന്നു. റാന്നിയുടെ ചില ഭാഗങ്ങളിൽ 40 അടിയിലധികം വെള്ളം പൊങ്ങി, കൊട്ടാരം പോലെയുള്ള വീടുകൾ സമ്പൂർണ്ണമായി വെള്ളത്തിൽ മുങ്ങി.

ഒരു ഒറ്റ ചെറിയ വെള്ളപ്പൊക്കം കേരളത്തെ 20 വർഷം പിന്നിലോട്ടാക്കി എന്നാണ് സാമൂഹ്യ പ്രവർത്തകരുടെ കണക്ക് കൂട്ടൽ പതിനായിരക്കണക്കിനാളുകളുടെ സ്വപ്നങ്ങൾ ചീട്ടുകൊട്ടാരംപോലെ തകർന്നു വീണു. മനുഷ്യൻ നിസ്സഹായനാണെന്നും അവൻ നേടിയതെല്ലാം ക്ഷണഭംഗുരമാണെന്നും ഈ കാണുന്നതെല്ലാം നൈമിഷികവും മായയുമാണെന്നും വെള്ളപ്പൊക്കം നമ്മെ പഠിപ്പിച്ചു. കണ്ണടച്ച് തുറക്കുന്നതിന് മുൻപ് ഒരായുസ്സുമുഴുവൻ അദ്ധ്വാനിച്ച് പകലന്തിയോളം പണിയെടുത്ത് കെട്ടിപ്പൊക്കിയ വീടിന്റെ മുകളിൽ വെള്ളം പൊങ്ങുന്നത് കണ്ടപ്പോൾ ജനങ്ങളുടെ ഹൃദയം തകർന്നുപോയി. ഉള്ള സമ്പാദ്യമെല്ലാം വെള്ളത്തിൽ മുങ്ങി നിൽക്കുമ്പോൾ പ്രാണരക്ഷയ്ക്ക് വേണ്ടി മനുഷ്യൻ നിലവിളിച്ച് ആകാശത്തേക്ക് നോക്കി നിന്നു. ഉടുത്ത തുണി മാത്രമായ് രക്ഷാപ്രവർത്തനത്തിന് വന്ന നേവിയുടെ ഹെലികോപ്റ്ററിൽ വലിഞ്ഞ് കയറി പോകുന്നവരുടെ ദൃശ്യം നാം ദൃശ്യമാധ്യമങ്ങളിൽ വളരെ അധികം കണ്ടു.

കേരളത്തിൽ മാത്രമായി പെയ്ത മഴ. ഇന്ത്യയുടെ ഭൂപടത്തിന് തെക്ക് ഭാഗത്തായി നീണ്ട് നിവർന്ന് കിടക്കുന്ന കൊച്ചു കേരളത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ മാത്രമായി എന്തുകൊണ്ട് ഇത് സംഭവിച്ചു എന്ന് നാം ചിലരെങ്കിലും പരസ്പരം ചോദിച്ചു. കേരളത്തിന്റെ 14 ജില്ലകളിൽ 11 ജില്ലകളെയും ഈ പ്രളയം പൂർണ്ണമായി ബാധിച്ചു. തിരുവനന്തപുരം ജില്ലയെ ചെറിയ തോതിൽ ബാധിച്ചു.

കേരളം ദൈവത്തിന്റെ സ്വന്തം നാടായത് അതിന്റെ പ്രകൃതി രമണിയതകൊണ്ട് മാത്രമല്ല ഇന്ത്യയുടെ ഗ്രാമങ്ങളിലേക്കും പട്ടണങ്ങളിലേക്കും മിഷണിറിമാരെ അയച്ച് ഭാരത സുവിശേഷീകരണത്തിന് ചുക്കൻ പിടിച്ച ഭാരതത്തിലെ പെന്തെക്കോസ്തിന്റെ ഇറ്റില്ലാമണ് കേരളം, ദൈവസഭയുടെ കെട്ടുപണിക്ക് വേണ്ടി പരിശുദ്ധാത്മ നിയോഗം പ്രാപിച്ച് നാട് വിട്ട് കൂട് വിട്ട് നാമധേയ കൂട്ടം വിട്ട് ഉടുതുണിയുമായി സ്വഭവനങ്ങളിൽ നിന്ന് ആട്ടിയിറക്കപ്പെടേണ്ടി വന്ന നമ്മുടെ പിതാക്കന്മാരെ വിസ്മരിക്കാൻ സാധ്യമല്ല. അവരുടെ ത്യാഗമനോഭാവത്തോട് കൂടിയ പ്രവർത്തനമാണ് ദൈവസഭയുടെ ഇന്നത്തെ വളർച്ചയ്ക്ക് കാരണം . എന്നാൽ വിശ്വസ്തനായ ദൈവം പിതാക്കന്മാരോട് വിശ്വസ്തത കാട്ടി തലമുറകളെ എല്ലാം അനുഗ്രഹിച്ചു. സമ്പത്തും അനുഗ്രഹവുംഎല്ലാം സമൃദ്ധിയായി നൽകി ഒടുവിൽ നാം നമ്മുടെ ലക്ഷ്യം തെറ്റി, ഭാരത സുവിശേഷീകരണത്തിന് അയക്കാൻ നമ്മുടെ വീടുകളിൽ ആളില്ലാതായി നമ്മുടെ തലമുറകളെ എഞ്ചിനിയേഴ്സും ഡോക്ടേഴ്സും ആക്കി. ദൈവസഭയെ രാഷ്ട്രീയം കളിക്കാനുമുള്ള തട്ടകമാക്കി – നാം കെട്ടിപ്പൊക്കിയതും നേടിയതുമായ എല്ലാ സമ്പത്തും പദവികളും ശൂന്യമാണെന്ന് ഈ പ്രളയം നമ്മെ പഠിപ്പിച്ചു. നാം ദൈവഹിതത്തിലേക്ക് മടങ്ങി വരുവാൻ ഈ ദുരന്തം നമ്മെ ആഹ്വാനം ചെയ്യുന്നു.

ഈ പ്രളയത്തെ കേരളം നേരിട്ടത് “ഒന്നിച്ച് ഒറ്റക്കെട്ടായിട്ടാണ്” ഇവിടെ ജാതിയില്ല, മതമില്ല, പണ്ഡിതനെന്നോ, പാമരനെന്നോ, സമ്പന്നനെന്നോ, ദരിദ്രനെന്നോ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി നിന്നു. കന്നുകാലികളും മറ്റ് വളർത്ത് മൃഗങ്ങളും ഈ പ്രളയത്തിൽ ചത്ത് പൊങ്ങി, ഡ്രൈനേജുകൾ പൊട്ടി ഒഴുകി ദുർഗന്ധം വമിക്കുന്ന മലിനജലം എല്ലാ കിണറുകളുടെ മീതെയും പൊങ്ങി ഒഴുകി. കുടിവെള്ളം ഇല്ലാതെ ജനം തൊണ്ട ഉണങ്ങി തളർന്ന് വീണു. പ്രളയ ബാധിത പ്രദേശങ്ങളിൽ സഹായഹസ്തവുമായി പോയ ജയോത്സവം ടീം കണ്ട കാഴ്ച വേദനിപ്പിക്കുന്നതായിരുന്നു. കൊട്ടാരസമാനമായ വീടുകളിൽ നിന്ന് ആളുകൾ ഇറങ്ങി വന്ന് ഒരു കുപ്പി വെള്ളത്തിന് വേണ്ടി കരയുന്ന കാഴ്ച കരയിപ്പിക്കുന്നതായിരുന്നു. മറ്റ് ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഒറ്റക്കെട്ടായി ജനം രക്ഷാപ്രവർത്തനം നടത്തി. മത്സ്യബന്ധന തൊഴിലാളികൾ നടത്തിയ രക്ഷാപ്രവർത്തനം അഭിനന്ദനീയമാണ്. മുക്കുവർ എന്ന് സമൂഹം വിളിച്ച് മാറ്റിയ നിർത്തിയ സമൂഹം നമ്മുടെ രക്ഷാ ദൂതന്മാരായി. ജാതിയോ മതമോ നോക്കാതെ കമഴ്ന്ന് കിടന്നവന്റെ മുതുകിൽ ചവിട്ടി ബോട്ടിൽ കയറി. കൊണ്ട് വന്നവന്റെ മതം നോക്കാതെ ലഭിച്ച ആഹാരം വാങ്ങി ഭക്ഷിച്ചു, ഇവിടെ ഹിന്ദുവും ക്രിസ്ത്യനിയും മുസൽമാനും ഒന്നായി.

ഒറ്റക്കെട്ടായി നിന്നത് കൊണ്ടാണ് ഈ പ്രളയത്തിൽ നാം പിടിച്ച് നിന്നത്. ഹിന്ദുവല്ലാത്തവരെല്ലാം. ഇന്ത്യ വിടണം എന്ന് പ്രസംഗിച്ച് നടന്ന വ്യക്തികൾ എവിടെ? ഇന്ത്യയുടെ ഐക്യതയും അഖണ്ഡതയും കാത്ത് സുക്ഷിക്കേണ്ട ഉത്തരവാദിത്തം നമുക്കുള്ളതാണ്. ഭാരതത്തിന്റെ മതനിരപേക്ഷത നമുക്ക് കാത്ത് സൂക്ഷിക്കാം. നമുക്കൊരുമിച്ച് പുതിയ കേരളം കെട്ടിപ്പടുക്കാം.

JAYOLSAVAM NEWS

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ

മാനേജിംഗ് എഡിറ്റേഴ് സ്
ജോജി ഐപ്പ് മാത്യൂസ്
സിസ്റ്റർ ലിസാ ദാനിയേൽ

മാനേജർ
ജയ്സൺ സോളമൻ

അസ്സോ. എഡിറ്റർ
സുവി. അജികുമാർ കാട്ടാക്കട
ബ്രദർ സന്തോഷ് റ്റി. പട്ടം

ജനറൽ എഡിറ്റേഴ്സ്
സജി മത്തായി കാതേട്ട്
പാസ്റ്റർ ജിജി ചാക്കോ
സുവി. എബിൻ ഇ. എസ്.

ഓവർസീസ് എഡിറ്റർ
പാസ്റ്റർ ബിനു ജേക്കബ്ബ്

# നൂറ്റാണ്ടിലെ മഹാപ്രളയം

പേജ് 1 ന്റെ തുടർച്ച...

ളവും ബോട്ടുകളും നിയന്ത്രണം കിട്ടാതെ ഉലഞ്ഞു. രക്ഷാപ്രവർത്തങ്ങൾക്ക് എങ്ങും എങ്ങും എത്താൻ കഴിയാത്ത അവസ്ഥ. ആവശ്യങ്ങൾ അനവധി. കൃത്യമായി മറുപടി പറയുവാൻ ആരുമില്ലാത്ത അവസ്ഥ. പ്രകൃതി ഒന്നുറഞ്ഞു തുളളിയപ്പോൾ മനുഷ്യൻ ഒന്നുമല്ലെന്ന് ഒരിക്കൽ കൂടി തെളിഞ്ഞു.

ദുരന്തമുഖത്ത് കേരള ജനതയുടെ ഐകൃത ലോകം ഒരിക്കൽകൂടി നേരിൽ കണ്ടു. ജനം ഒറ്റക്കെട്ടായി ദുരിതാശ്വാസ പ്രവർത്തനത്തിന് ഇറങ്ങി. ഗവൺമെന്റും സന്നദ്ധസംഘടനകളും ദുരിതബാധിതർക്ക് ആശ്വാസം പകരുവാൻ നേരിട്ടിറങ്ങി. മതവും രാഷ്ട്രിയവും ജാതിയും മറന്ന് സഹജന്റെ കണ്ണീരൊപ്പാൻ ഒറ്റക്കെട്ടായ് ഒരു മനസ്സോടെ കേരളീയർ കാട്ടിയ ധൈര്യം ആശ്വാസകരമാണ്. സമാനതകളില്ലാത്ത ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് വേണ്ടി സഹായമെത്തിക്കാൻ യുവജനങ്ങൾ ദിവസങ്ങൾ നീണ്ടു നിൽക്കുന്ന അദ്ധ്വനത്തിലൂടെ ആവശ്യ സാധനങ്ങൾ സമാഹരിക്കുകയും അവ കയറ്റി അയക്കുകയും ചെയ്യുമ്പോൾ കോടിക്കണക്കിന് രൂപയുടെ സഹായമാണ് സന്നദ്ധ സംഘടനകളിയുടെ ദുരിത ബാധിത പ്രദേശങ്ങളിലേക്ക് എത്തുന്നത്. കേരളത്തിലെ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ അവരുടെ സഭകളും സ്ഥാപനങ്ങളും പ്രളയ ബാധിതർക്കായി തുറന്നു കൊടുത്തു. എല്ലാവിധ സഹായങ്ങളും നൽകി. സഭകളും യുവജനസംഘടനകളും രക്ഷാപ്രവർത്തനത്തിനും ആവശ്യ സാധനങ്ങൾ എത്തിക്കുന്നതിനും ഇപ്പോഴും സജീവമാണ്.

വെള്ളമിറങ്ങി തുടങ്ങിയതോടെ വെല്ലുവിളികളും പ്രളബാധിതരുടെ മുന്നിൽ തുടരുന്നു. അസുഖങ്ങൾ പടർന്ന് പിടിക്കാനുള്ള സാധ്യതയേറുകയാണ്. വീടുകളിലേക്ക് തിരികെ എത്തുന്നവർക്ക് വീടുകൾ വാസയോഗ്യമാക്കുന്നതിനുള്ള ശുചീകരണ പ്രവർത്തനം അവരെ ബുദ്ധിമുട്ടിലാക്കുന്നു. പ്രളയം സൃഷ്ടിച്ച ദുരിതത്തിൽ നിന്ന് കരകയറാൻ ഇനിയും ഏറെ നാൾ കാത്തിരിക്കേണ്ടിവരും. ഉറ്റവർ നഷ്ടപ്പെട്ടവർ, ക്യാമ്പുകളിൽ നിന്ന് മടങ്ങി വരുമ്പോൾ തല ചായ്ക്കുവാൻ പാർപ്പിടം നഷ്ടപ്പെട്ടവർ. സർട്ടിഫിക്കറ്റുകളും രേഖകളും നഷ്ടപ്പെട്ടവർ, ദുരിതത്തിന്റെ മുന്നിൽ സ്വന്തം വീടും ഉപകരണങ്ങളും പ്രീയപ്പെട്ടവയും പാഠപുസ്തകങ്ങളും നഷ്ടപ്പെട്ടത് വേദനയോടെ അതുൾക്കൊള്ളുവാൻ കാഴിയാതെ പകച്ച് നിൽക്കുന്ന ബാല്യങ്ങൾ. അപകടകാരികളായ ഇഴ ജന്തുക്കൾ. എവിടെ തുടങ്ങണം എന്നറിയാതെ നിരാശയോടെ നിൽക്കുന്ന ഇവരുടെ മുമ്പിൽ മിന്നാമിനുങ്ങിന്റെ നുറുങ്ങ് വെട്ടമെങ്കിലും തെളിയിക്കാനായാൽ നാം ധന്യരായി. പെയ്തു നിറഞ്ഞും കുതിച്ചുമെത്തിയ ദുരിതത്തിന്റെ ആഴത്തിൽ നിന്ന് കരകയറാനുള്ള തീവ്രശ്രമത്തിലാണ് നാട്. തടസ്സങ്ങളും പോരായ്മകളും ഒരുപാടുണ്ട്. എങ്കിലും ഇതിനുമുൻപൊരിക്കലും കണ്ടിട്ടില്ലാത്ത ഭീമാകാരമായ ദുരന്തമുഖത്ത് കൈകോർത്ത് നിൽക്കുകയാണ് എല്ലാവരും. പ്രതീക്ഷയോടെ. നമുക്ക് പ്രാർത്ഥിക്കാം.

## ജയോത്സവം മാസിക വരി സംഖ്യ

| | | |
|---|---|---|
| ഇന്ത്യയിൽ ഒരു വർഷത്തേക്ക് | – | 120 രൂപ |
| യു. എസ്. എ. ഒരു വർഷം | – | 50 ഡോളർ |
| ഗൾഫ് ഒരു വർഷം | – | 2000 രൂപ |
| യു. കെ ഒരു വർഷം | – | 20 പൗണ്ട് |

## ജയോത്സവം പരസ്യനിരക്ക്

| SIZE | MULTICOLOUR | BLACK & WHITE |
|---|---|---|
| 2 Page | 26000 | 14000 |
| 1 Page | 13000 | 7000 |
| 1/2 Page | 6500 | 3500 |
| 1/4 Page | 3250 | 2000 |
| 10cm x 3 Colum | 1500 | 1000 |
| 5cmx1colum | 750 | 500 |

ലേഖനം

# ദൈവമക്കൾ വയോജികരെ നിരസിക്കുന്നത് ശരിയോ തെറ്റോ?



റവ. എഡിസൺ തോമസ്
വേങ്ങൂർ

വാർദ്ധക്യം ഒരു രോഗമല്ല, ജീവിതത്തിലെ ഒരു അവസ്ഥാ ഘടകമാണ്. ഒരു വ്യക്തി. തന്റെ ആയുസ്സിന്റെ സായാഹ്നത്തിൽ ജീവിതത്തെ സമഗ്രഹമായി വിലയിരുത്തി അർത്ഥവും സംതൃപ്തിയും കണ്ടെത്തുവാനുള്ള അനുഭവപാഠമാണ് വാർദ്ധക്യം. വൃദ്ധന്മാർക്ക് സ്വന്തമായ ചില സംഭാവനകൾ സമുദായത്തിന് നല്കുവാനുണ്ട്. അത് ലഭിക്കുവാൻ വിശ്വാസികളായ നാം വൃദ്ധജനത്തോട് ചേർന്ന് പ്രവർത്തിക്കണം. അവരുടെ ശരീരത്തിന്റെയും മനസ്സിന്റേയും ശക്തി ക്ഷയിച്ചു എന്ന് പൂർണ്ണമായി ധരിച്ച് തള്ളിക്കളയാതെ അവരിൽ അടങ്ങിയിരിക്കുന്ന പ്രതിഭകളെ കണ്ടെത്തുക. കാരണം വാർദ്ധക്യത്തിൽ അവർ ക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരുന്നു. ഈ സാഹചര്യത്തിൽ അവൃദ്ധന്മാർക്ക് തങ്ങളുടെ ജീവിതം അർത്ഥവും പ്രയോജനവുള്ളതും എന്ന തോന്നൽ അവരിൽ നാം വളർത്തിയെടുക്കണം.

മക്കളുടെ നന്മക്കു വേണ്ടി ജീവിതത്തിന്റെ സുഖസൗകര്യങ്ങളെ ഹോമിച്ച് ജീവിക്കുന്ന മാതാപിതാക്കളെ കരുതുവാൻ കഴിയാത്തത് ഒരു ദുരവസ്ഥയാണ്. (ഞങ്ങൾ നിങ്ങളെ കരുതി അതുകൊണ്ട് നിങ്ങൾ ഞങ്ങളെ കരുതണം). എന്ന തത്വം പാലിക്കാൻ കഴിയാത്ത ഇന്നത്തെ ആധുനിക ന്യൂജനേഷൻ സ്വാർത്ഥതയുടെ വിളനിലമായി മാറി കഴിഞ്ഞിരിക്കുന്നു. ഇന്നത്തെ ന്യൂജനറേഷൻ സംസ്ക്കാരം എല്ലാം തന്നെ ഡോന്റ് കെയർ (Do not care) എന്ന ശൈലിയാണ് അവലംബിക്കുന്നത്. ഈ ആധുനിക ഘട്ടത്തിൽ കുടുംബത്തിന്റെ സന്തോഷം പങ്കു വയ്ക്കുവാൻ കഴിയാതെ അനേക മാതാപിതാക്കൾ വൃദ്ധ സദനങ്ങളിലും തെരുവീഥികളിലും അഭയം തേടുന്നു. പുത്തൻ തലമുറ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനോ ത്യാഗം സഹിക്കാനോ താൽപര്യമില്ലാതെ എന്തിനേയും തിരസ്ക്കരിക്കുന്നു.

സങ്കീ. 71:9 'വാർദ്ധക്യ കാലത്ത് നീ എന്നെ തള്ളിക്കളയരുതേ ബലം ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കയുമരുതേ'. 18 വാർദ്ധക്യം ഉള്ള കാലത്തോളം ഉപേക്ഷിക്കരുതേ എന്ന് പ്രാർത്ഥിക്കുന്നു.

ബലംക്ഷയിക്കുകയും വാർദ്ധക്യത്തിൽ വൈഷമ്യങ്ങൾ നമ്മെ പിടിക്കുകയും ചെയ്യുമ്പോൾ കഴിഞ്ഞ കാലങ്ങളിൽ വെറും ദൈവം നൽകിയ മാർഗ്ഗദർശനങ്ങളെ വാർദ്ധക്യം പൂകിയവർ ഓർക്കേണ്ടതാണ്. ജീവിതത്തിന്റെ അന്ത്യനാളുകളിൽ നമ്മുടെ സംരക്ഷകനും സഹായകനും പരിപാലകനും ആയ ദൈവത്തെ നാം ഇപ്പോൾ മുതൽ സൂക്ഷിക്കണം.

നമുക്ക് ശാരീരികബലം ക്ഷയിക്കുകയും, മരണനാഴികയിൽ ദൈവം നമ്മെ കൈവിടുകയില്ലയെന്നും, നമുക്കു സമീപസ്ഥൻ ആയിരിക്കുമെന്നും വിശുദ്ധദൂതന്മാർ നമ്മെ സ്വർഗ്ഗീയ സാന്നിദ്ധ്യത്തിലേക്ക് കൊണ്ടു പോകുമെന്നും നാം അറിഞ്ഞിരിക്കണം. (ലൂക്കൊസ് 16:22, സങ്കീ. 71:18) വരുന്ന തലമുറകളിലേക്ക് ദൈവത്തിന്റെ രാജ്യവും നീതിയും ഘോഷിപ്പാൻ വേണ്ടി വാർദ്ധക്യവും നരയും ഉള്ള കാലം വരെയും ദൈവം നമ്മെ സംരക്ഷിക്കണമെന്ന് പ്രാർത്ഥിക്കുന്നു.

സങ്കീ. 92:14 വാർദ്ധക്യത്തിലും അവർ ഫലം കായ്ക്കും. അവർ പുഷ്ടി വച്ചും പച്ച പിടിച്ചും ഇരിക്കും. ഒരു വ്യക്തിയുടെ ശൈശവം. ബാല്യം, കൗമാരം, യൗവ്വനം, മദ്ധ്യവയസ്സ് എന്നീ ഘട്ടങ്ങളിലൂടെ രൂപപ്പെടുന്ന അനുഭവ പൂർത്തീകരണമാണ് വാർദ്ധക്യം.

**വയോജികരുടെ ജീലിത ചക്രം**

എറിക്സൺ എന്ന മനഃശാസ്ത്രജ്ഞൻ മനഷ്യായുസ്സിനെ 8 ഘട്ടങ്ങളായി തിരിക്കുന്നു. വാർദ്ധ്ക്യം മനുഷ്യജീവിതത്തിന്റെ 8–ാമത്തെ ഘട്ടമാണ്. ഇതിനെ പൂർണ്ണവളർച്ചാഘട്ടം എന്നു വിളിക്കുന്നു. ഇവിടെയാണ് പുതിയ പ്രശ്നങ്ങൾ വന്നു ചേരുന്നത്. ആളത്വസമഗ്രതയും നാരാസ്യവും തമ്മിലുള്ള സംഘട്ടനം ആണ്.

വാർദ്ധക്യത്തിൽ മാനസിക, ശാരീരിക, സാമൂഹിക സാംസ്ക്കാരിക ആത്മീക പ്രശ്നങ്ങൾ വിലയിരുത്തിയാൽ മനുഷ്യ ജീവിതത്തിന് ആവസ്യമായ പാഠങ്ങൾ പഠിക്കുവാൻ കഴിയുന്നു. ജീവിതത്തിൽ നേടിയതെല്ലാം ഒന്നുമല്ല എന്ന ചിന്തയിൽ അതൃപ്തിയിൽ തപിക്കുന്ന അവസ്ഥയാണ്. കാരണം കുടുംബബന്ധങ്ങളിലെ സ്നേഹ പരിഗണനയില്ലായ്മയിൽ നിന്ന് രൂപമെടുത്തതാണ്.

**ശാരീരിക പ്രശ്നങ്ങൾ**

ശാരീരിക ദൗർലബ്യം എല്ലാ തലത്തിലും അനുഭവപ്പെടുന്നു. കൂർമ്മത കുറയുന്നു. ഉന്മഷവും ഊർജ്ജസ്വലതയും ലോപിക്കുന്നു. മസ്തിഷ്ക്ക ബലക്ഷയം ആകുന്നതു കൊണ്ട് ചിന്താ ശക്തിയിൽ ക്ഷതം സംഭവിക്കുന്നു. എല്ലുകളുടെ ബലം കുറയുന്നതുകൊണ്ട് ഒടിയുവാൻ സാധ്യത. രക്തധമനികളിൽ ശോഷണം ഭവിക്കുന്നതു കൊണ്ട് രക്തസംക്രമണം കുറയുന്നു. ആയതുകൊണ്ട് പലവിധ രോഗങ്ങൾ ഉണ്ടാകുവാൻ സാധ്യത ഏറെയാണ്.

**വയോജികരുടെ വൈകാരികവും ആത്മീകവുമായ പ്രശ്നങ്ങൾ**

വാർദ്ധക്യം ബാധിച്ചവരെ വൈകാരിക സുരക്ഷിതത്വകുറവ് ഏറ്റവും അലട്ടുന്ന പ്രശ്നമാണ്. സ്ഥാനമാനങ്ങൾ, അഭിമാനം, സ്വാതന്ത്ര്യം, ആത്മ വിശ്വാസം, കൂട്ടുകാർ, പ്രിയപ്പെട്ടവർ എന്നിവയെല്ലാം നഷ്ടപ്പെട്ടവരും വളരെ ആശങ്കയുള്ളവരും, ഏകാന്തത അനുഭവപ്പെടുന്നവരും ആണ്. കാണ്മാനും കേൾപ്പാനും പറയുവാനും സ്നേഹിപ്പാനും അംഗീകരിക്കുവാനും ആരുമില്ലാത്ത അവസ്ഥയിൽ ചിലർക്ക് മനോരോഗങ്ങളും ആത്മഹത്യാ പ്രവണതകളും ഉണ്ടാകാം. ഇങ്ങനെയുള്ള അവസ്ഥയിൽ ദൈവമക്കളാകുന്നവർ ഒരിക്കലും വാർദ്ധക്യത്തെ തള്ളിക്കളയുവാൻ പാടില്ല. അത് ക്രിസ്തു സ്നേഹമല്ല. ഇരുട്ടിന്റെ പ്രലോഭനമാണ്.

വാർദ്ധക്യത്തിൽ എത്തുന്നവർക്ക് ആത്മീകത്തിന് വളരെ നിർണ്ണായക പങ്കാണ് ഉള്ളത്. ചില പ്പോൾ ശാരീരിക പ്രതിബന്ധം മൂലം സ്ഥിരമായി സംബന്ധിക്കാൻ കഴിയുന്നില്ല. എന്നാൽ ആ അവസ്ഥയിൽ ദൈവമക്കളായ നാം സഹായിക്കേണ്ടതുണ്ട്.

**വായോജിക ബോധനം**

1. വൃദ്ധജനങ്ങളെ പറ്റിയും അവരുടെ സാധ്യതകളെ പറ്റിയും വിവിധതലങ്ങളിൽ പല ക്ലാസ്സുകൾ ക്രമീകരിക്കാൻ ദൈവമക്കളായ നാം വൃദ്ധജനങ്ങളെ ഒരുക്കണം.
2. ഇങ്ങനെയുള്ള ബോധനങ്ങളിൽ കൂടി അവരുടെ പ്രതിഭ ഗ്രഹിക്കുവാനും സ്വയം അംഗീകരിക്കുവാനും മതിപ്പും വളർത്തുവാൻ മാനസികമായി അവർക്കു ഉത്തേജനം നൽകുന്നു.
3. ദൈവമക്കളായ നമ്മുടെ ഉചിതമായ സമയത്തെ സന്ദർശനം വയോജനങ്ങൾക്ക് സൗഖ്യാദായകമാണ്.
4. പ്രോയാധികൃത്തിൽ മരിക്കുന്നവരെ ഉച്ചക്ക് 12 മണിക്കു മുമ്പേ സന്ദർശിക്കുകയും പറയുന്നത് ശ്രദ്ധവച്ച് വൈകാരിക ഭാവങ്ങൾ ശ്രദ്ധിക്കണം.

**സംതൃപ്തമായ കുടുംബങ്ങൾ വളർത്തുവാൻ ശ്രമിക്കുക**

വയോജനങ്ങൾക്ക് കുടുംബ ബന്ധങ്ങളിൽ നിന്ന് ലഭിക്കുന്ന സംതൃപ്തി വളരെ വലുതാണ്. വയോജികരുടെ പ്രധാനപരിരക്ഷ നിർവ്വഹിക്കുന്നത് ജീവിത പങ്കാളികളാണ്. ഇവരുടെ ജീവിതം മക്കൾ, കൂടപ്പിറപ്പുകൾ, മരുമക്കൾ എന്നിവർ 60 വയസ്സു കഴിയുമ്പോൾ അവർക്ക് ആഴമായ അടുപ്പത്തിന്റെ പ്രാധാന്യം ദൈവമക്കൾക്ക് വളരെ വിലമതിക്കത്തതാണ്.

വയോജനങ്ങൾക്ക് പ്രത്യേ്ച്ച് ദൈവത്തിന്റെ മക്കൾ ഒരുക്കുന്ന താമസ ക്രമീകരണവും അവരുമായുള്ള അടുപ്പവും വളരെ പ്രധാനമാണ്. വൃദ്ധജനങ്ങൾക്ക് ശരീരത്തിന്റേയും മനസ്സിന്റേയും ശക്തി ക്ഷയിച്ചുവെന്ന തോന്നിയാലും അവർക്ക് വളരെയധികം അനുഭവസമ്പത്ത് ഉള്ളവരാണ്. ഗ്രാമങ്ങളിലെയും പട്ടണങ്ങളിലെയും വൃദ്ധജനത്തിന് വ്യത്യാസം ഉണ്ട്. വൃദ്ധ ജനം മറ്റുള്ളവരിൽ ആശ്രയിക്കേണ്ടി വരുന്ന സമയം ആണ്. പുതിയ ആളുകളോട് പുതിയ സ്ഥലങ്ങളോട് ഇണങ്ങി പോകുവാൻ പ്രയാസമാണ്. വൃദ്ധരെ സംബന്ധച്ചിടത്തോളം വർത്തമാനകാലത്തേക്കാൾ യതാർത്ഥ്യം കൊടുക്കുന്നത് പൂർവ്വ കാലത്തിനാണ്. അവർ എപ്പോഴും വീര സാഹസകഥകൾ പറഞ്ഞു കൊണ്ടിരിക്കും. എന്നുള്ള യാഥാർത്ഥ്യം നാം അറിഞ്ഞിരിക്ഷമം. സ്വന്ത മക്കൾക്ക് പോലും വൃദ്ധ ജനത്തിന്റെ സംരക്ഷണം വളരെ ഭാരമായി തോന്നാം. ഇന്ത്യയിൽ അനേക വദ്ധജനങ്ങളെ രക്തബന്ധങ്ങൾ ഉപേക്ഷിച്ച് കളയുന്നു. അനേകർ അനാഥരായി അലഞ്ഞു തിരിയുന്നു. ദൈവം സനേഹമായതിനാൽ നാം ഉൾപ്പെടുന്ന സമൂഹത്തിലെ വൃദ്ധജനങ്ങളെ സംരക്ഷിക്കുവാൻ ആഹ്വാനം ചെയ്യേണ്ട കടമ ദൈവമക്കൽക്ക് ഉണ്ട്.

വൃദ്ധജനത്തെകൊണ്ട് ആർക്കും ആവശ്യമില്ല എന്ന തോന്നൽ അവരെ ഭരിക്കുവാൻ നാം ഇടയാക്കരുത്. വൃദ്ധജനത്തിന്റെ കഴിവും പരിചയസമ്പത്തും സഭയ്ക്ക് പ്രയോജനപ്പെടുത്തുവാൻ ദൈവദാസന്മാരായ നമുക്ക് കഴിയണം. വൃദ്ധജനങ്ങൾക്ക് അവരുടെ ശേഷിക്കുന്ന ജീവിതം അർത്ഥവും പ്രയോജനവും ഉണ്ടെന്ന് ബബോധ്യപ്പെടുത്തണം. സമൂഹത്തിൽ വൃദ്ധമന്ദിരങ്ങൾ ആവശ്യമാണ്. ദൈവദാസന്മാരായ നാം വൃദ്ധ മന്ദിരങ്ങൾ സന്ദർശിക്കണം. സഭയിൽ നടക്കേണ്ട കാര്യങ്ങൾ വൃദ്ധജനങ്ങളുമായി സംസാരിച്ചാൽ പരിചയസമ്പത്തിനാൽ പലകാര്യങ്ങൾ ഗ്രഹിക്കാൻ കഴിയും. നാം സഭാശുശ്രൂഷ ചെയ്യുന്ന ഘട്ടത്തിൽ എത്തിച്ചേർന്നാൽ വൃദ്ധജനങ്ങൾക്ക് പ്രത്യേകമായി മീറ്റിംഗ് ക്രമീകരിക്കണം. സഭയിൽ വരാൻ കഴിയാത്തവർക്ക് ഭവനത്തിൽ പോയി കർതൃമേശ നടത്തുന്നതിൽ തെറ്റില്ല. കർതൃദാസന്മാരാകണം വൃദ്ധജനങ്ങളുമായി വളരെ സ്നേഹപർണ്ണമായ ബന്ധം സ്ഥാപിക്കേണ്ടത്. ലോകരാഷ്ട്രങ്ങളുമായി വളരെ സ്നേഹപൂർണ്ണമായ ബന്ധം സ്ഥാപിക്കേണ്ടത്. ലോകരാഷ്ട്രങ്ങളിലെ ചില രാജ്യങ്ങൾ (അയർലന്റ്) പോലുള്ളത് 60 വയസ്സ് കഴിഞ്ഞവരെ ഗവൺമെന്റിന്റെ ചിലവിൽ അധിവസിപ്പിക്കുന്നുണ്ട്.

**മറക്കുന്ന ബന്ധങ്ങൾ**

വൃദ്ധ ജനങ്ങൾ ആർക്കും വേണ്ടാത്ത വേയ്സ്റ്റ്

ഈ കാലത്ത് വാർദ്ധക്യം ഒരു ദുർഘടമായ പ്രതിസന്ധി തന്നെയാണ്. ഭയാനകമായ ഭാവിയാണ് ഇനി വരാൻ ഇരിക്കുന്നത്.

തമിഴ് നാട്ടിലെ തേനീ ജില്ലയിൽ വൃദ്ധ ജനങ്ങളെ കൊന്നു കൊടുക്കുന്ന ചില ഡോക്ടർമാർ ഉണ്ട്.

ഇതിനെ തിരാകളിപ്പാട്ട് എന്നു പറയുന്നു.

കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും അതിർത്തിയിൽ ബന്നിപ്പൂർ എന്ന വന്യമൃഗവനപ്രദേശങ്ങളിൽ ടൂറിസ്റ്റുകളോട് വരുന്ന ചില വൃദ്ധജനങ്ങളെ ഇരുട്ടിയശേഷം ഉപേക്ഷിച്ച് പോകുന്ന വരുണ്ട്. ചിലരെ വന്യമൃഗങ്ങൾ കൊല്ലുകയും മറ്റു ചിലരെ വനപാലകർ സംരക്ഷിക്കുകയും ചെയ്യുന്നു. കേരളത്തിൽ ഗുരുവായൂർ അമ്പത്തിൽ തൊഴുതശേഷം ഉപേക്ഷിച്ചു പോകുന്നതിന് നടതള്ളൽ എന്ന പേരാണ്. അലഹബാദിലെ ഒര പുണ്യ, നദിയിലെ സ്നാന ശേഷം മുങ്ങി മരിപ്പിക്കുന്ന സംഭവം നടന്നു വരുന്നു.

ശാരീരിക ശക്തി പൂർണ്ണമായി ക്ഷയിച്ച് കിടക്കയെ അഭയം പ്രാപിച്ച് കിടക്കുന്നവർ ക്രമേണ അവഗണിക്കപ്പെടാം. അങ്ങനെയുള്ളവർ മരിച്ചാൽ മതി എന്ന് ആഗ്രഹിക്കും.

ഇത്തരത്തിൽ യോഹന്നാന് കൊടുത്ത വെളിപ്പാടാണ് ഓർമ്മ വരുന്നത് (വെളി. 9:6).

ആ കാലത്ത് മനുഷ്യൻ മരണം അന്വേഷിക്കും കാണയില്ല താനും; മരിപ്പാൻ കൊതിക്കും മരണം വിട്ട് അവരെ ഓടിപ്പോകും. ഈ കാലം വന്നു തുടങ്ങിയിരിക്കുന്നു. ഈ പ്രവൃത്തികളെ അനുകൂലിക്കുന്നത് ദദൈവ ജനത്തിന് ഒട്ടും തന്നെ ഭൂഷണമല്ല.

**വാർദ്ധക്യത്തെക്കുറിച്ച് ശലോമോന്റെ വീക്ഷണം**

നിന്റെ യൗവനകാലത്ത് നിന്റെ സ്രഷ്ടാവിനെഓർത്തുകൊൾക്. ദുർ ദിവസങ്ങൾ വരികയും എനിക്ക് ആരുമല്ല എന്നു പറയുന്ന കാലം സമീപിക്കയും സൂര്യനും വെളിച്ചവും ചന്ദ്രനും നക്ഷത്രങ്ങളും ഇരുണ്ടു പോകുകയും മഴപെയ്തശേഷം മേഘങ്ങൾ മടങ്ങിവരികയും ചെയ്യും മുമ്പു തന്നെ (സഭ. 12:1, 2, 7 വരെ)

ഇവിടെയുള്ള നിർദ്ദേസം ഓർത്തുകൊൾക എന്നുള്ളവരാണ്. ഇത് എപ്പോഴെങ്കിലും ചിന്തിക്കുവാനല്ല. പൂർണ്ണശ്രദ്ധ കൊടുക്കുക. അനുസരണത്തോടെ ശ്രദ്ധിക്കുക എന്നൊക്കെയാണ് ഈ പ്രയോഗത്തിന്റെ ആശയം നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത്.

സമകാലീനം



# മഴു വീണ ചിത്രപ്പണികൾ



പാസ്റ്റർ ജോയി പെരുമ്പാവൂർ

ഈ വരികൾ കുറിക്കാൻ തുടങ്ങുമ്പോൾ ആഴ്ചകളായി വിരാമമില്ലാതെ പെയ്യുന്ന കനത്ത മഴയുണ്ടാക്കിയ ദുരിത പ്രളയ ത്തിൽ കേരളം മുങ്ങിക്കിടക്കുക യാണ്.

പെരുവെള്ളപ്പാച്ചിൽ തീർത്ത ദുരന്തക്കെണിയിൽ പെട്ടുപോയവരുടെ രക്ഷിക്കണേ എന്ന നിലവിളി, തകർത്ത് പെയ്യുന്ന മഴയിരമ്പലിൽ മൂങ്ങിപ്പോ കുന്നു . എല്ലായിടത്തും എത്തിച്ചേരാനാകാതെ രക്ഷാപ്രവർത്തകർ വിഷമിക്കുന്നു. വെള്ളത്തിന്റെ കുത്തൊഴുക്കും തിരത്തള്ളലും അത്രമാത്രം ഭീകരം.

എന്നിട്ടും , ചെളിവെള്ളപ്പുഴയിൽ കുടുങ്ങിപ്പോയവരെ കൈകൊടുത്തു രക്ഷിക്കാൻ, കൊടിയുടെ നിറവും വർഗ വർണ വ്യത്യാസവും ഉച്ച നീചത്വങ്ങളും കുലവും ജാതിയും നോക്കാതെ , അടിമുടി നനഞ്ഞു കുതിർന്നു, ഓടി നടന്ന് അദ്ധ്വാനിച്ച രക്ഷാപ്രവർത്തകരെ, സന്നദ്ധ ഭടൻമാരെ, ഇൻഡ്യൻ പട്ടാളത്തെ, നാട്ടുകാരായ ചെറുപ്പക്കാരെ എത്ര പ്രശംസിച്ചാലും അധികപ്പറ്റല്ല.

കേരളം കടലായി മാറിയപ്പോൾ, തുരുത്തുകളിൽ ഒറ്റപ്പെട്ടവരുടെ അടുക്കൽ എത്തിപ്പെടാനാവാതെ രക്ഷാപ്രവർത്തകർ പകച്ചു നിന്നപ്പോൾ, ഓടങ്ങളിറക്കി, തുഴയെറിയുന്ന കൈകരുത്തുമായി കടലിന്റെ മക്കൾ പാഞ്ഞെത്തിയത്, രക്ഷാപ്രവർത്തനങ്ങൾക്ക് ഊർജ്ജമായി.

ദുരന്ത നിവാരണ സേനയുടെ യന്ത്രപ്പക്ഷികൾ പറന്നെത്തി റാഞ്ചിയെടുത്തു രക്ഷിച്ചവരിൽ കൊച്ചുകുട്ടികളും വയോവൃദ്ധരും പ്രസവവേദന തുടങ്ങിയ സ്ത്രീയും ഉണ്ടായി രുന്നു.

ദിവസങ്ങളോളം ആഹാരവും മരുന്നും വെള്ളവും കിട്ടാതെ തളർന്നു തുടങ്ങിയവരെ കൊരിയെടുത്ത് ദുരിതാശ്വാസ കേന്ദ്രങ്ങളിൽ എത്തിക്കുമ്പോൾ അവർക്ക് അന്നം വിളമ്പുവാൻ ആയിരം പേർ അരമുറക്കി നിന്നു. കേരളമെങ്ങും മതവ്യത്യാസന്യെ ആരാധാനാലയങ്ങൾ അശരണരുടെ അഭയകേന്ദ്രമായി. വെള്ളത്തിൽ നിന്ന് കോരിയെടുത്തവന്റെയും, ആഹാരം വിളമ്പിത്തന്നവന്റെയും, നിത്യോപയോഗസാധനങ്ങളുമായി വാഹനങ്ങളിൽ പാഞ്ഞെത്തിയവരുടെയും മതവി ശ്വാസവും ജാതിയും ആരും ചോദിച്ചില്ല. പ്രാണൻ പിടയുന്ന വേളയിൽ അമ്മാതിരി ചിന്തകൾക്ക് എന്ത് പ്രസക്തി. അയിത്ത ചിന്തകൾക്ക് മരണവക്രത്തിലെന്തു സ്ഥാനം..അല്ലെ . ഇത് താഴ്വാരങ്ങളിലെ ദുരന്ത ചിത്രം.

ഇതിനേക്കാൾ ഭയാനകമാണ് മലനാടുകളിൽ മഴ വിതച്ച ദുരന്തം. ഓരോ ദിവസം കഴിയുന്തോറും വർദ്ധിച്ചു വരുന്ന വാശിയോടെ മഴമേഘങ്ങൾ കേരളത്തിന് മീതെ ദുരന്ത പ്രവാഹത്തിന്റെ കലശങ്ങൾ ഒന്നിച്ച് കമിഴ്ത്തുകയായിരുന്നു. പരിധി വിട്ടുപള്ള വീർത്ത അണക്കെട്ടുകൾ ഉറക്കം കെടുത്തുന്ന ഭീതിയായി വാർത്തകളിൽ നിറഞ്ഞു. മുല്ലപ്പെരിയാർ പീഢകനും ഇടുക്കി ഇരയുമായി ദുർ വർത്തമാനങ്ങൾ പരന്നു. മാനം മൂടി നിന്ന കറുത്തേമഘങ്ങൾ കരിങ്കൊടി കാട്ടുന്നത് പോലെ.

ഒടുവിൽ ജലസംഭരണികളുടെ ഷട്ടറുകൾ വായ്പിളർന്നപ്പോൾ ഈ തലമുറ ഇന്നുവരെ കണ്ടിട്ടില്ലാത്ത മഹാപ്രളയ ദുരന്തം. സൗമ്യമായി ഒഴുകിയ ചെറിയ തോടുകൾ തീരങ്ങളിടിഞ്ഞ് പരന്നൊഴുകി മഹാപ്രവാഹമായി മാറിയപ്പോൾ മരവും മൺതിട്ടകളും അടിതെറ്റി വീണു. ഒപ്പം മാനം പൊട്ടിയൊഴുകിയ പെരു മഴയിൽ മഴ കുടിച്ച് കുതിർന്ന കുന്നുകളും ചെരിവുകളും ഉരുൾ പൊട്ടലിൽ ഉടഞ്ഞ് വീണിട്ടും, കീഴ്ക്കാംതൂക്കുകളിലേക്ക് പൊട്ടിയൊലിച്ചും, മലയോര പാതകൾ തകർന്നു പോയി. വീടും പറമ്പും മാമരക്കൂട്ടങ്ങളും ബഹുനില സൗധങ്ങളും മനുഷ്യനും മൃഗങ്ങളും ഒലിച്ചു പോയി. ഒറ്റനിമിഷം കൊണ്ട് അനേകർ എല്ലാം നഷ്ടപ്പെട്ട ഹതഭാഗ്യരും, നിരാലംബരും അശരണരുമായി മാറി.

തോരാമഴയിൽ നിറഞ്ഞു വരുന്ന അണക്കെട്ടുകളുടെ ഷട്ടറുകൾ ഉയർത്തിയും താഴ്ത്തിയുംമഹാപ്രവാഹത്തെ കൈപ്പിടിയിലൊതുക്കാൻ, ഭരണകൂടവും വകുപ്പ് മേധാവികളും അശ്രാന്ത പരിശ്രമം നടത്തുമ്പോഴും ഒഴുക്കിവിടുന്ന വെള്ളത്തേക്കാൾ നീരൊഴുക്കുകൾ ഇരട്ടി അളവിൽ കുതിച്ചെത്തി ഡാമുകളെ പരിധി വിട്ടു നിറച്ചുകെണ്ടിരുന്നു.മെയ് മുതൽ ആരംഭിച്ച മഴ ആഗസ്റ്റ് പകുതി വരെ നീണ്ട് ഇടവേളകളില്ലാത്ത ദുരിത പെയ്ത്തായി മാറിയപ്പോൾ അത് നിരവധി പേരുടെ ജീവനെടുത്തു. അനേകായിരം കുടുംബങ്ങളിലായി ലക്ഷക്കണക്കിന് ആളുകളാണ് ദുരിതാശ്വാസ ക്യാമ്പുകളുടെ ഇടുക്കങ്ങളിൽ ഞെരങ്ങക്കിടന്നത്.

കനത്ത മഴ മാറി നാളുകൾക്ക് ശേഷം ഒരു അപരിചിതനെപ്പോലെ സൂര്യൻ വിളറിച്ചിരിച്ച് എത്തിനോക്കിയപ്പോൾ ചിരിക്കണോ കരയണോ എന്നറിയാത്ത മാനസീകാവസ്ഥയിലായിരുന്നു ജനം.

വെള്ളം താണു തുടങ്ങിയപ്പോൾ ചിലയിടങ്ങളിൽ ചിലർക്കൊക്കെ പാമ്പുകളുടെ കടിയേറ്റു. ദൈവമേ ഇതെന്തൊരു ദുർവിധി എന്ന് ആളുകൾ തലയിൽ കൈ വെച്ചു പറഞ്ഞു.

കഴിഞ്ഞ രണഭൂമിയായി കേരളം ചേതനയറ്റു കിടക്കുന്നു. കട കമ്പോളങ്ങളില്ല. നിരത്തുകളിൽ വാഹനം ഓടുന്നില്ല. പലയിടത്തും വഴി തന്നെയില്ല. എല്ലാം ഒലിച്ചു പോയി. പുഴകളും നദികളും നീർച്ചോലകളും കുഞ്ഞരുവികളും വെള്ളിക്കരയിട്ട ഹരിതഭംഗിയാർന്ന ചേലചുറ്റി, മൂടൽ മഞ്ഞിന്റെ മൂടുപടമിട്ട്, തടാകങ്ങളും താഴ്വരകളും കുന്നുകളുമായി ഉടലെടുപ്പത്തോടെ സഞ്ചാരിക ളുടെ ഇഷ്ഠ ഭോജനമായ നിന്ന കേരളം ഇന്ന് ഒരു മഹാപീഠനത്തിന്റെ ഇരയായി കിടക്കുന്നു.

74-ാം സങ്കീർത്തനം ഓർമ്മ വരുന്നു. ആസാഫിന്റെ സങ്കീർത്തനം. രചിച്ച കാലഘട്ടം വ്യക്തമല്ല. അദ്ദേഹത്തിന്റെ കാലത്തിന് ഏകദേശം നാലു നൂറ്റാണ്ടുകൾക്ക് ശേഷം ബാബേൽ രാജാവായ നെബുക്കദ്നേസർ ബി.സി. 586 ൽ യെരുശലേം ആക്രമിക്കുകയും ദേവാലയം നശിപ്പിക്കുകയും ചെയ്ത കാര്യം പ്രവചനാത്മാവിൽ ദർശിച്ചുകൊണ്ടാണ് ഈ സങ്കീർത്തനം രചിച്ചത് എന്ന് പണ്ഡിത മതം.

**"ദൈവമേ നീ ഞങ്ങളെ സദാകാലത്തേക്കും തള്ളക്കളഞ്ഞതെന്ത്"**.... എന്ന വിലാപത്തോടെയാണ് ഈ കീർത്തനം ആരംഭിക്കുന്നത്...ഈ ഒരു ചോദ്യവും കരച്ചിലും ഇത്തരുണത്തിൽ നമുക്കും നല്ലതാണ്.

ഒരു സ്വയശോധന..ഒരു ആത്മവിമർശനം..ഒരു കുറ്റവിചാരണ നാം ചെയ്തേ മതിയാവൂ. വിഢിവേഷം കെട്ടിയ രാജാവിനെപ്പോലെ വസ്ത്രം ധരിച്ചിരിക്കുന്നു എന്ന മിഥ്യാധാരണയിൽ നഗ്നരായി നടക്കുന്നവരാണോ നമ്മൾ.... പരിശോധിക്കണം.

ദൈവം തള്ളിക്കളഞ്ഞതിന്റെ പരിണിത ഫലങ്ങലാണ് സങ്കീർത്തനത്തിന്റെ തുടർന്നുള്ള വരികളിൽ..."**ശത്രു വിശുദ്ധ മന്ദിരത്തിൽ സകലവും നശിപ്പിച്ചിരിക്കുന്നു.......അവർ മരക്കൂട്ടത്തിൻമേൽ കോടാലി ഓങ്ങുന്നത് പോലെ തോന്നി. ഇതാ, അവർ മഴുകൊണ്ടും ചുറ്റിക കൊണ്ടും അതിന്റെ ചിത്രപ്പണികളെ അപ്പാടെ തകർത്തു കളയുന്നു.**"..

കേരളത്തിലും അക്ഷരാർത്ഥത്തിൽ സംഭവിച്ചത് ഇത് തന്നെയാണ്. ഇന്ത്യയുടെ തലച്ചോറ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരളം ..സാക്ഷരതയിൽ കേമനായ കേരളം..ദൈവത്തിന്റെ സ്വന്തം നാടെന്നു ടൂറിസം വകുപ്പ് ഓമനപ്പേരിട്ട കേരളം. ഒരു കാലത്ത് ആത്മീയ പ്രസ്ഥാനങ്ങളുടെ വിത്ത് വളർന്ന് വടവൃക്ഷമായി പന്തലിച്ച്, ജീവിതച്ചൂടിൽ ഉരുകിയവർക്ക് ശീതളഛായയായി നിന്ന കേരളം. പെന്തക്കോസ്ത് അനുഭവം നവീകരണത്തിന്റെയും നവോത്ഥാനത്തിന്റെയും തീജ്വാലയായി പടർന്നു പിടിച്ച കേരളം..എത്ര എത്ര മഹായോഗങ്ങൾ, കേരളക്കരയെ അഭിഷേകാഗ്നിയിൽ പിടിച്ചു കുലുക്കിയ എത്ര എത വിശ്വാസ വീരൻമാർ, ജന്മമെടുത്ത മണ്ണാണിത്. ദൈവസാന്നിധ്യം കൊണ്ടും ജീവിത സമൃദ്ധി കൊണ്ടും നമ്മെ നിറവായി നിറുത്തിയപ്പോൾ നമ്മൾ അഹങ്കരിച്ചോ.?..ദൈവത്തെ മറന്നുവോ..?

എന്തു ചെയ്യുവാനും പേടിയില്ലാ ത്ത തഴമ്പു പിടിച്ച, പരുക്കരും ,ക്രൂരൻമാരുമായി നമ്മൾ മാറി യോ..?

സഹജീവിയെ എങ്ങനെ കാണണം എന്നു പഠിക്കാൻ പെരുവെള്ളം പുരയ്ക്കകത്ത് വരേണ്ടി വന്നില്ലെ..?. .ഇവിടെ വൃദ്ധകൾക്കും ചോരക്കുഞ്ഞിനു പോലും സുരക്ഷിതത്വമില്ലാത്ത വിധം കാമകഴുകൻമാരുടെ എണ്ണം കൂടിയില്ലെ.. ആടിനെയും പട്ടിയേയും പ്രാപിക്കുന്നവൻ ഈ നാട്ടിലല്ലെ.?... രോഗിയല്ലാത്തവനെപ്പോലും അറുത്തു മുറിച്ച് അവയവങ്ങൾ വിൽക്കുന്നില്ലെ....? അരുംകൊലകൾ..മനുഷ്യക്കടത്ത്..പെൺവാണിഭം...രക്തബന്ധത്തിന്റെ വില പോലും തിരിച്ചറിയാനാവാത്ത കാമാന്ധത. മലിനജലം പോലും വർണ്ണക്കടലാസ് ഒട്ടിച്ച കുപ്പിയിലാക്കി വിറ്റു കാശുണ്ടാക്കുന്ന കച്ചവട കാപട്യം ദുസഹമല്ലെ....? .വെള്ളം പൊങ്ങിയപ്പോൾ എല്ലാ ഊറ്റങ്ങളുടെയും മതിൽക്കെട്ടുകൾ മുങ്ങിപ്പോയില്ലെ.?.. നിരീശ്വര വാദികൾ പോലും ദൈവമേ എന്നു വിളിച്ചു പോയില്ലെ...? കേരളമേ ദൈവത്തിങ്കലേക്ക് മടങ്ങി വരൂ....സങ്കീർത്തനക്കാരനോട് ചേർന്ന് നമുക്കും പ്രാർത്ഥിക്കാം..

**"നിത്യ ശൂന്യങ്ങളിലേക്ക് നിന്റെ കാലടി വെയ്ക്കേണമേ."**....


എന്നാൽ നമ്മൾ അതി ജീവിക്കും. .ദൈവ കൃപയാൽ...നേരിടാം ഒരുമിച്ച് ദൈവത്തോടുള്ള പ്രാർത്ഥനയോടെ......

JAYOLSAVAM MEDIA MINISTRIES
Presents
ബുധനാഴ്ച രാവിലെ 7.30
വെള്ളിയാഴ്ച രാവിലെ 8.30
HARVEST TV യിൽ
പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ



ദൈവവചനം പ്രസംഗിക്കുന്നു രോഗികൾക്കായി പ്രാർത്ഥിക്കുന്നു
കാണുക, അനുഗ്രഹിക്കപ്പെടുക
FOR MORE DETAILS: 9526952121

ലേഖനം





പാസ്റ്റർ കെ. സി. തോമസ്

# ക്രിസ്തീയ ജീവിതം പോരാട്ട ജീവിതം

ക്രിസ്തീയ ജീവിതം പോരാട്ട ജീവിതമായിരിക്കുന്നതിന് കാരണം നമുക്ക് ഒരു പ്രതിയോഗി ഉണ്ട്, നമുക്ക് ഒരു എതിരാളി ഉണ്ട്, നമുക്ക് ഒരു ശത്രു ഉണ്ട്. എഫെസ്യർ 6:12–13 നമുക്ക് പോരാട്ടം ഉള്ളത് ജഡ രക്തങ്ങളോടല്ല വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മ സേനയോടും അത്രേ. അതുകൊണ്ട് നിങ്ങൾ ദുർദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചു നിൽപ്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവീൻ. പത്രൊസ് എഴുതി "നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടുയെന്ന് തിരഞ്ഞ് ചുറ്റി നടക്കുന്നു. ലോകത്തിൽ നിങ്ങൾക്കുള്ള സഹോദരവർഗ്ഗത്തിന് ആ വക കഷ്ടപ്പാടുകൾ തന്നെ പൂർത്തിയായി വരുന്നുയെന്ന് അറിഞ്ഞു അവനോട് എതിർത്തു നിൽപീൻ" (1 പത്രൊ. 5:8–9).

നമുക്ക് ജഡവും രക്തവും ഉള്ള ആരോടും പോരാട്ടം പാടില്ല. അവരാരും നമ്മുടെ ശത്രുക്കളല്ല. എന്നാൽ വാഴ്ചകളും അധികാരങ്ങളും അന്ധകാര ലോകത്തിന്റെ അധിപതികളും സ്വല്ലോകങ്ങളിലെ ദുഷ്ടാത്മസേനയും ഒരു ശത്രുവിനെപ്പോലെ നമുക്ക് എതിരെ രാപ്പകൽ പോരാടി നിൽക്കുന്നുണ്ട്. അതുകൊണ്ട് നമുക്കും അവനോട് പോരാട്ടം ഉണ്ട്. നമ്മുടെ നേരേ ശത്രു പോരാടി വരുമ്പോൾ നാം പ്രതികരിക്കാതിരുന്നാൽ അവൻ നമ്മെ പരാജയപ്പെടുത്തും. അവൻ നമ്മോടു പോരാടാൻ ചില കാരണങ്ങൾ ഉണ്ട്. ഒന്നാമതായി നമ്മുടെ കർത്താവ് കാൽവറിയിൽ അവനെ ആയുധ വർഗ്ഗം വയ്പ്പിച്ച് അവന്റെ മേൽ ജയോത്സവം കൊണ്ടായി. വാഴ്ചകളെയും അധികാരങ്ങളെയും കർത്തൃത്വങ്ങളെയും ശക്തികളെയും ചവുട്ടിമെതിച്ച് കാലിന്റെ കീഴിൽ ആക്കി. യേശു അവന്റെ തലയെ തകർത്തു. യേശു ഇനി അവനെചങ്ങലയിട്ടു അഗാതത്തിൽ ആയിരമാണ്ട് അടച്ചുപൂട്ടും. ഒടുവിൽ ന്യായം വിധിച്ച് നിത്യ നരകത്തിൽ തള്ളുമെന്ന് വെളിപ്പാട് 20–ാം അദ്ധ്യായം വെളിപ്പെടുത്തുന്നു. ഇതിന്റെ വൈരാഗ്യം ദൈവത്തോടു പോരാടിത്തീർക്കാൻ അവനെ കൊണ്ടു കഴിയുകയില്ല. ആയതിനാൽ ഈ ഭൂമിയിലുള്ള ദൈവമക്കൾക്കെതിരായി പോരാടി ദോഷം ചെയ്യണമെന്നതാണ് അവന്റെ ലക്ഷ്യം.

രണ്ടാമതായി അവന്റെ അധീനതയിൽ കിടന്ന നമ്മെ നമ്മുടെ കർത്താവ് അവന്റെ അധീനതയിൽ നിന്ന് വിടുവിച്ച് സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി. അവൻ ബന്ധിച്ചിട്ടിരുന്നവരെ ബന്ധനം അഴിച്ച് യേശു സ്വാതന്ത്ര്യം വരുത്തിയതിനാൽ വീണ്ടും അവരെ ബന്ധിച്ച് അടിമനുകത്തിൽ കുടക്കി തന്റേതാക്കാനുള്ള പോരാട്ടമാണ് നടന്നുകൊണ്ടിരിക്കുന്നത്. ദൈവജനങ്ങളെ മടുപ്പിക്കണം, തളർത്തണം, നിരാശപ്പെടുത്തണം പിന്മാറ്റത്തിലേക്ക് വലിച്ചുകൊണ്ടു പോകണം അതിനു പോരാടുന്നു.

പൌലൊസ് എഴുതി ഞാൻ നല്ല പോർ പൊരുതി. തന്റെ നേരേ പോരാടിയ എതിർ ശക്തികളോട് ഒരു പടയാളിയെപ്പോലെ നിന്നുകൊണ്ട് പൊരുതി ജയാളിയായി തീർന്നു. അതുകൊണ്ട് തന്റെ ജീവിത സയാഹ്നത്തിൽ പ്രാഗത്ഭ്യത്തോടെ നിജപുത്രൻ തിമൊഥെയോസിന് എഴുതി ഞാൻ നല്ല പോർ പൊരുതി. ദൈവമക്കൾ പോർക്കളമേടുകളിൽ നിൽക്കുന്നവരാകയാൽ പടയാളികൾ കൂടെയാണ്. പടയാളി യുദ്ധത്തിൽ ജയാളിയായി തീരണമെങ്കിൽ സർവ്വായുധ വർഗ്ഗം ധരിക്കേണം എഫെ. 6:11.

**ധരിക്കേണ്ടത് എന്തൊക്കെയാണ്**

1) അരയ്ക്ക് സത്യം ബൽറ്റുപോലെ കെട്ടണം
2) നീതിയെന്ന കവചം മാർവിൽ ധരിക്കേണം
3) സമാധാനസുവിശേഷത്തിനായുള്ള ഒരുക്കം കാലിന് ചെരിപ്പായി ധരിക്കണം
4) രക്ഷ എന്ന ശിരസ്ത്രം ധരിക്കേണം

**എടുത്തുകൊള്ളേണ്ടത് എന്തൊക്കെ**

1) ദുഷ്ടന്റെ തീയമ്പുകളെ ഒക്കെ കെടുത്തുവാൻ തക്കവിശ്വാസമെന്ന പരിച എടുത്തു കൊണ്ടു നിൽക്കണം.
2) ദൈവവചനമെന്ന ആത്മാവിന്റെ വാൾ എടുക്കണം.
3) പരിശുദ്ധാമാവിലുള്ള പ്രാർത്ഥനഎന്ന ആയുധവും എടുക്കണം

പട്ടാളക്കാരൻ യൂണിഫോം ധരിച്ചാൽ മാത്രം പോരാ പോരാടുവാൻ ആയുധം കരങ്ങളിൽ എടുക്കേണം. അങ്ങനെയെങ്കിൽ ദുർദിവസത്തിൽ എതിർത്ത് നില്പാനും സകലവും സമാപിച്ചിട്ട് ഉറച്ചു നില്ക്കാനും ജയാളികളായി തീരുവാനും കഴിയും. അനേകർ പരാജയപ്പെടുന്നതിന് കാരണം ശത്രുവിനോടു പോരാടി ജയിക്കാൻ അവർക്ക് കഴിയുന്നില്ല.

ദൈവവചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തല ഉള്ള ഏതു വാളിനെക്കാളും മൂർച്ചയുള്ളതാണ്. യേശു നാല്പത് ദിവസം ഉപവസിച്ച് കഴിഞ്ഞശേഷം പരീക്ഷിച്ച് പോരാടാൻ പിശാചു ചെന്നു. മൂന്നു പരീക്ഷകളിലും യേശു ക്രിസ്തു ദൈവചനമെന്ന വാൾ എടുത്ത് വീശി സാത്താനെപരാജയപ്പെടുത്തി. പെർഗ്ഗമോസ് സഭയ്ക്ക് ദൂത് കൊടുത്തപ്പോൾ സഭയുടെ നാഥൻ പറഞ്ഞു "നീ എവിടെ പാർക്കുന്നുയെന്നും അത് സാത്താന്റെ സിംഹാസനമുള്ളിടമെന്നും ഞാൻ അറിയുന്നു. എന്നാൽ അതിനു മുമ്പ് താൻ ആരാണെന്ന് വ്യക്തമാക്കി". "മൂർച്ചയുള്ള ഇരുവായ്ത്തലവാൾ ഉള്ളവൻ അരുളി ചെയ്യുന്നു (വെളി. 2:12). സാത്താന്റെ സിംഹാസനമുള്ള സ്ഥലത്തെ സഭയോടു പറഞ്ഞു ഞാൻ ഇരുവായ് തലവാൾ ഉള്ളവനാണ്. ശത്രുവിനോടു പോരാടാൻ ഉള്ള മൂർച്ചയുള്ള വാളാണ് ദൈവവചനം.

പരിശുദ്ധാത്മാവിലുള്ള പ്രാർത്ഥനയും ദൈവം തന്റെ ജനത്തിനു നൽകിയിരിക്കുന്ന മൂർച്ചയുള്ള ആയുധമാണ്. "ഞങ്ങളുടെ പോരിന്റെ ആയുധങ്ങൾ ജഡീകങ്ങൾ അല്ല. കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവതന്നെ" (2 കൊരി. 4:2). ദൈവം തന്നിരിക്കുന്ന ആയുധമാണ് ആത്മാോവിലുള്ള പ്രാർത്ഥന. നമുക്ക് പല ആത്മീയ ആയുധങ്ങൾ ദൈവം തന്നിട്ടുണ്ട്. അതിന് സാത്താന്റെ കോട്ടകളെ ഇടിക്കാനുള്ള ശക്തി ഉണ്ട്. അവന്റെ ബന്ധനങ്ങളെ തകർക്കാനുള്ള ശക്തിയുണ്ട്. ദൈവവചനവും പരിശുദ്ധാത്മാവിലുള്ള പ്രാർത്ഥനയും മാത്രമല്ല, സ്തുതിസ്തോത്രങ്ങളും ഉപവാസവും അന്യഭാഷയും വിശ്വാസവും എല്ലാം ദൈവം നമുക്ക് തന്നിരിക്കുന്ന മുർച്ചയുള്ള ആത്മീയ ആയുധങ്ങളാണ്.

ഇന്ന് പല തന്ത്രങ്ങൾ പിശാച് പ്രയോഗിക്കും അവന് ഇന്ന് ആയുധങ്ങൾ ഇല്ല. അവന്റെ ആയുധ വർഗ്ഗങ്ങൾ യേശു കാൽവറി ക്രൂശിൽ പിടിച്ചെടുത്തു. സാത്താന്റെ തന്ത്രങ്ങളെ ദൈവജനം അറിയാത്തവരല്ല. അവനോട് എതിർത്തു നിന്നാൽ അവൻ ഓടിപ്പോകും. പട്ടിയും പൂച്ചയും തമ്മിൽ പോരാടുന്നത് നാം കാണാറുണ്ട്. പട്ടി പൂച്ചയെക്കാൾ വലിപ്പമുള്ളവനും ബലവാനുമായതിനാൽ അവനോട് എതിർക്കാൻ തനിക്ക് ശക്തി ഇല്ലെന്ന് പൂച്ചയ്ക്ക് അറിയാം അതുകൊണ്ട് കണ്ണുമിഴിച്ചു കാണിച്ചും കൈപൊക്കി കാണിച്ചും മുമ്പിലേക്ക് കുതിച്ചു കൈപൊക്കി ചാടും. വലിയ അപശബ്ദങ്ങൾ ഉണ്ടാക്കി തന്ത്രങ്ങൾ പ്രയോഗിക്കും. അപ്പോൾ നായ് പേടിച്ചു പേടിച്ച് പുറകോട്ടു പോകുന്നത് കാണാം. എന്നാൽ ആ നായ് അതിന് നേരേ ധൈര്യത്തോടെ ചെന്നാൽ അത് ഭയന്ന് ഓടിപ്പോകും. ഇതുപോലെയാണ് പിശാചും.

പത്രൊസ് എഴുതി പ്രതിയോഗിയായ പിശാച് അലറുന്ന സിംഹമെന്നപോലെ വായ്പിളർന്ന് ആരെ വിഴുങ്ങേണ്ടുയെന്ന് ചുറ്റിതിരഞ്ഞ് നടക്കുമ്പോൾ വിശ്വാസത്തിൽ സ്ഥിരതയുള്ള

പേജ് 6 ൽ തുടരും...

Jesus Shall
Set You Free

ആരാധനയ്ക്കും കൂട്ടായ്മയ്ക്കും
IPC ജയോത്സവം
വർഷിപ്പ് സെന്റർ
ബെനഡിക്ട് നഗർ, നാലാഞ്ചിറ

Pastor Daniel Konnanilkkunnathil& Family
ആരാധനസമയം
ഞായർ രാവിലെ 9.00 മുതൽ 12.30 വരെ
സണ്ടേസ്കൂൾ രാവിലെ 8.00 മുതൽ 9.30 വരെ
കൂടുതൽ വിവരങ്ങൾക്ക്:
പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ
ഫോൺ: 9526952121

# മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഐ.പി.സി. സഭ രണ്ടു ലക്ഷം നൽകി.

കുമ്പനാട്: പ്രളയ ദുരിതത്തിലായ വിവധ ജില്ലകളെ സഹായിക്കുവാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ (ഐ.പി.സി.) ആദ്യ ഗഡുവായി രണ്ട ലക്ഷം രൂപ നൽകി.

ഇത് കൂടാതെ പ്രളയ ദുരിതം അനുഭവിക്കുന്ന ജില്ലകളിൽ പ്രാദേശിക ഐ.പി.സി. സഭകളുടെ സഹകരണത്തോടെ സെന്റർ പാസ്റ്റർമാരും അതാത് സ്ഥലത്തെ കൗൺസിൽ അംഗങ്ങളും ചേർന്ന് രണ്ടാം ഘട്ട സഹായങ്ങൾ നൽകും. ആദ്യഘട്ടമായി ഭക്ഷ്യധാന്യങ്ങൾ വിവിധ പ്രാദേശിക സഭകളുടെയും പുത്രികാ സംഘടനകളുടെയും സഹകരണത്തോടെ നൽകി.

ക്യാംപുകളിൽ നിന്ന് മടങ്ങിയവർക്ക് അവരുടെ ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള സഹായങ്ങൾ നൽകും. വെള്ളത്തിൽ മുങ്ങിയ ആരാധനാലയങ്ങൾ പുനരുദ്ധരിക്കാനുള്ള സഹായങ്ങളും നൽകാൻ കൗൺസിൽ തീരുമാനിച്ചു. പ്രളയക്കെടുതി അനുഭവിക്കുന്ന എല്ലാവരെയും സഹായിക്കുവാനും ഭവനങ്ങൾ പുനരുദ്ധരിക്കാനും അതാത് സ്ഥലങ്ങളിലെ സഭാംഗങ്ങൾ മുന്നിട്ടിറങ്ങാൻ ആഹ്വാനം ചെയ്തു.

# ഐ.പി.സി പുനലൂർ സെന്ററിന് പുതിയ നേതൃത്വം

പുനലൂർ: ഐ.പി.സി പുനലൂർ സെന്ററിന് പുതിയ നേതൃത്വം നിലവിൽ വന്നു. പ്രസിഡന്റ് പാസ്റ്റർ ജെയിംസ് ജോർജ്ജ്, വൈസ് പ്രസിഡന്റ് പാസ്റ്റർ ബിജു റ്റി. ഫിലിപ്പ്, സെക്രട്ടറി പാസ്റ്റർ റോയി ജോൺ, ജോയിന്റ് സെക്രട്ടറി ബ്രദർ തോമസ് പീറ്റർ, ട്രഷറാർ ബ്രദർ.പി.വി.കുട്ടപ്പൻ, പബ്ളിസിറ്റി കൺവീനർ പാസ്റ്റർ ബോബൻ ക്ലീറ്റസ് കൂടാതെ കമ്മറ്റി അംഗങ്ങളായിപാസ്റ്റർമാരായ ജോർജ്ജ് ദാനിയേൽ, ഡി.സാം, സാജു മാത്യു, സജിമോൻ ഫിലിപ്പ്, ഷാജി സോളമൻ സഹോദരൻമാരായ ഡി.ഫിലിപ്പ്, അനിൽതോമസ്, പി.റ്റി. സാമുവേൽ, സി.റ്റി. സാമുവേൽ, വി.എസ്.ജോർജ്ജ്കുട്ടി എന്നിവരെയും ഇവാഞ്ചലിസം ബോർഡ് കൺവീനറായി പാസ്റ്റർ ഷാജി വർഗ്ഗീസിനെയും പ്രയർ കൺവീനറായി പാസ്റ്റർ പി.എം. തോമസ് എന്നിവരെയും തിരഞ്ഞെടുത്തു. സെന്റർ മിനിസ്റ്റർ പാസ്റ്റർ ജെയിംസ് ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ ഐ.പി.സി ടൗൺ കർമ്മേൽ സഭയിൽ കൂടിയ ജനറൽ ബോഡിയാണ് പുതിയ ഭരണ സമിതിയെ തിരഞ്ഞെടുത്തത്.

# സിസ്റ്റർ അഞ്ജലി പോൾ നിത്യതയിൽ

പേജ് 1 ന്റെ തുടർച്ച..

ബാംഗ്ലൂർ പാസ്റ്റർ എം. എ. വർഗ്ഗീസിന്റെ സഭയിൽ സഹോദരിമാരുടെ സമ്മേളനത്തിൽ ക്രിസ്തുവിന്റെ മണവാട്ടി എന്ന വിഷയത്തിൽ ഉത്തമം ഗീതത്തിലൂടെ ശൂലേമിയുടെ കഥയെ അടിസ്ഥാനമാക്കി നടത്തിയ പ്രസംഗമായിരുന്നു. അഞ്ജലിയുടെ അവസാന സന്ദേശം. പാസ്റ്റർ എം.എ. വർഗ്ഗീസ് പറയുന്നു "വിമൻസ് ഫെലോഷിപ്പ് മിറ്റീംങ്ങിലാണ് അഞ്ജലി പ്രസംഗിച്ചത്. കുടുംബമായാണ് അവർ വന്നത്. അനുഗ്രഹിക്കപ്പെട്ട സന്ദേശമാണ് അവർ നൽകിയത്. ദൈവീക വേർപാട്, വിശുദ്ധി, നിത്യത, മരണാനന്തര ജീവിതം എന്നീ വിഷയങ്ങളെല്ലാം ഉത്തമഗീതത്തിൽ നിന്നുള്ള സന്ദേശത്തിൽ അവർ വ്യക്തമാക്കി. തേജസ്സിന്റെ ശുശ്രൂഷ തികച്ചാണ് അവർ യാത്രയായത്.

ബുധനാഴ്ചയായിരുന്നു അവരുടെ പ്രസംഗം, വ്യഴാഴ്ച ഉപവാസ പ്രാർത്ഥനയ്ക്ക് കൂടെ പങ്കെടുക്കുവാൻ ഞങ്ങൾ ആവശ്യപ്പെട്ടെങ്കിലും അവർക്ക് അത്യാവശ്യമായി പോകേണ്ടതിനാൽ ബസിൽ ടിക്കറ്റ് ബുക്ക് ചെയ്യുകയായിരുന്നു. വൈകിട്ട ആറ് മണിക്ക് ഞങ്ങളോട് യാത്ര പറഞ്ഞ് അവർ പോയി. പാസ്റ്റർ ജിജോ എന്നെ വിളിച്ച് അഞ്ജലിയുടെയും മകന്റെയും മരണ വാർത്ത അറിയിക്കുകായിരുന്നു."

# ദൈവമക്കൾ വയോജികരെ നിരസിക്കുന്നത് ശരിയോ തെറ്റോ?

പേജ് 3 ന്റെ തുടർച്ച..

**1. ആരെയാണ് ഓർക്കേണ്ടത്**

നിന്റെ സ്രഷ്ടാവിനെ. മനുഷ്യന് ഒരു സ്രഷ്ടാവ് ഉണ്ടെന്ന് ഓർക്കേണം. അത് ദൈവത്തിന്റെ സൃഷ്ടിയിൽ ആയിരിക്കുന്നു. (ഉല്പ. 1;26).

**2. എങ്ങനെയാണ് ഓർക്കേണ്ടത്**

സ്രഷ്ടാവിന്റെ മഹത്വം മനസ്സിലാക്കി ഓർക്കേണം. എങ്ങനെയൊക്കെ ഓർക്കുവാൻ കഴിയും. ദൈവവചനധ്യാനിച്ചുംഅവിടത്തെ കല്പനകൾ പ്രമാണിച്ചും ഓർക്കേണം.

**3. എപ്പോഴാണ് ഓർക്കേണ്ടത്**

യൗവ്വനത്തിൽ ജീവിതത്തിന്റെ മറ്റു ഘട്ടങ്ങളിൽ ദൈവത്തെ ഓർക്കേണ്ട എന്നല്ല നേരെ മറിച്ച് ജീവികാലമത്രയും സ്രഷ്ടാവായ ദൈവത്തെ ഓർക്കുകയും ആരാധിക്കുകയും വേണം എന്നതാണ് യൗവ്വനത്തൽ ആയിരിക്കേണം. അങ്ങനെ അല്ലാത്തവർ മുന്നറിയിപ്പുകളെ ഓർക്കുക.

1. ദുർദിവസങ്ങൾ വരുന്നു.
2. എനിക്ക് ഇഷ്ടമില്ലെന്നും നീ പറയുന്ന നാളുകൾ ആയിരിക്കും. അവ എന്നാലും നീ അത് അനുഭവിച്ചേ തീരു.
3. അന്ന് സൂര്യനും വെളിച്ചവും ചന്ദ്രനും നക്ഷത്രങ്ങളും ഇരുണ്ടു പോകുന്ന കാലഘട്ടമാണ്.

നല്ല യൗവനമൊക്കെകഴിഞ്ഞ് വാർദ്ധക്യത്തിൽ എത്തുന്ന ഒരു മനുഷ്യന്റെ സ്വഭാവമാണ്. 12:3, 5 വരെ കാണുവാൻ മുന്നറിയിപ്പായാ കാണുന്നു.

അന്ന് വീട്ടുകാവൽക്കാർ വിറയ്ക്കും

നിങ്ങളുടെ കൈകാലുകളുടെയും ബലഹീനതയാണ് ഇവിടെയുള്ള വിഷയം. യൗവനത്തിൽ എവിടെയും ഓടി കയറുവായിരുന്നു. എന്നാൽ ഇത് അതിന് പറ്റുകയില്ല.

**സർവ്വകാലുകളും കുനിയും**

കാലുകളും കൈകളും തോളുകളും കുഴകളും നിവർത്തിക്കുവാൻ കഴിയാതെ കുനിയുന്നു.

**അരയ്ക്കുന്നവർ ചുരുക്കമാകയാൽ അടങ്ങിയിരിക്കും**

ഏതു കട്ടിയുള്ള പദാർത്ഥവും കടിച്ചു പൊട്ടിക്കുവാൻ കഴിവുള്ള ശക്തമായ 32 (പല്ലുകൾ ചിലർക്ക് അതിൽ കൂടുതലും കുറവും കാണാം) എന്നാൽ ഇന്ന് അതിൽ പലതും ആടുകയും ഇളകിപോകുകയും ചെയ്തിരിക്കുന്നു.

# ക്രിസ്തീയ ജീവിതം പോരാട്ട ജീവിതം

പേജ് 5 ന്റെ തുടർച്ച..

വരായി അവനോട് എതിർത്ത് നില്പീൻ. നിർമ്മദരായിരിക്കേണം, ഉണർന്നിരിക്കേണം, ജാഗ്രതയോട് എതിർത്തു നിന്നാൽ അവൻ പരാജയപ്പെട്ടു പോകും. പിശാചിന് തന്ത്രങ്ങളേ ഉള്ളൂ. നമുക്ക് സർവ്വായുധവർഗ്ഗം ഉണ്ട്. ദൈവ വചനം എന്ന ആയുധവും നമുക്കുണ്ട്. ഗോല്ല്യാത്തിനോട് ദാവീദ് വിശ്വാസത്തിൽ സ്ഥിരത ഉള്ളവനായി എതിർത്ത് നിന്ന് ജയാളിയായി. ദാവീദ് ഫെലിസ്ത്യനോട് പറഞ്ഞത്, നീ വാളും കുന്തവും വേലുവുമായി എന്റെ നേരെ വരുന്നു. ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽ നിരകളുടെ ദൈവമായ യഹോവയുടെ നാമത്തിൽ നിന്റെ നേരെ വരുന്നു. യഹോവ ഇന്നു നിന്നെ എന്റെ കൈയ്യിൽ ഏല്പിക്കും. ഞാൻ നിന്നെ കൊന്ന് നിന്റെ തല ഛേദിച്ചുകളയും (1 ശമു. 17:43–44). ദാവീദ് ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിൽ അവന്റെ നേരേ ചെന്നു. ദാവീദിന്റെ മുമ്പിൽ അവൻ വീണുപോയി. ഇതുപോലെ വെല്ലുവിളിക്കുന്ന ഫെലിസ്ത്യ ശക്തികൾ ദൈവജനങ്ങളുടെ മുമ്പിൽ ഉണ്ട്. അധൈര്യപ്പെടേണ്ട ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിലുള്ള സ്ഥിരതയോട് ആ ശക്തികളുടെ നേരേ ചെന്നാൽ അത് പരാജയപ്പെട്ട് വീഴുന്നത് കാണാൻ കഴിയും.

ദൈവജനത്തിന് പോരാട്ടം ഉണ്ടെന്ന് പറയുന്നത് ചിലർക്ക് അലർജി ഉളവാക്കുന്ന കാര്യമാണ്. നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ആയി ദോഷം വിട്ടകന്ന് ജീവിച്ച ഈയ്യോബിന്മേൽ ദൃഷ്ടി വച്ച് അവന് വളരെ ദോഷം ചെയ്യാൻ പിശാച് പോരാടി. മഹാപരിശുദ്ധനായി ഭൂമിയിൽ ജീവിച്ച യേശുക്രിസ്തുവിനുനേരെ ഉപവാസം കഴിഞ്ഞപ്പോഴും കാൽവറി ക്രൂശിൽ കിടന്നപ്പോഴും ശത്രു വളരെ പോരാടി എങ്കിൽ എല്ലാ ദൈവമക്കളുടെയും നേരേ ശത്രുവിന്റെ പോരുകളും പോരാട്ടങ്ങളും ഉണ്ട്. ക്രിസ്തീയ രണാങ്കണത്തിൽ അടരാടുന്നവരെ ഏതു വിധേനയും വീഴ്ത്തണമെന്നതാണ് അവന്റെ ലക്ഷ്യം. അതിനു വേണ്ടി ഏതു തന്ത്രവും പ്രയോഗിക്കും. ഏതു വേഷവും കെട്ടും. ആരെയെല്ലാം ആയതിനു വേണ്ടി ഉപയോഗിക്കാൻ കഴിയുമോ അവരെ ഒക്കെ ഉപയേഗിക്കും. പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്ന പോലെ ഇന്ന് ഏത് ഭക്തനെവിഴുങ്ങാമെന്ന് ചിന്തിച്ച് ചുറ്റിത്തിരിഞ്ഞു നടക്കുന്നുണ്ട്. പത്രൊസ് എഴുതി നിങ്ങളുടെ സഹോദരവർഗ്ഗത്തിന് ആവക കഷ്ടപ്പാടുകൾ തന്നേ പൂർത്തിയായി വരുന്നുയെന്ന് അറിഞ്ഞ് വിശ്വാസത്തിൽ സ്ഥിരതയുള്ളവരായി അവനോട് എതിർത്ത് നിൽക്കണം. ഇന്ന് വിശ്വാസികൾ അനുഭവിക്കുന്ന പല കഷ്ടപ്പാടുകളും ഈ പ്രതിയോഗിയുടെ പോരാട്ടത്താൽ സംഭവിക്കുന്നതാണ്. യേശു ക്രിസ്തുവിന്റെ നാമത്താലും യേശുക്രിസ്തുവിന്റെ രക്തത്താലും ദൈവവചനത്താലും പരിശുദ്ധാത്മ ശക്തിയാലും വിശ്വാസത്തിന്റെ ശക്തിയാലും നമുക്ക് ജയാളികളായി തീരാൻ കഴിയും.

ദൈവം ശക്തിയോടെ ഉപയോഗിക്കുന്നവർക്കെതിരെയും ദൈവത്തിനു വേണ്ടി പ്രവർത്തിക്കുന്നവർക്ക് എതിരെയുമാണ് പിശാച് കൂടുതൽ പോരാടുന്നത്. ആത്മീയ ആയുധങ്ങളാൽ പിശാചിന്റെ കോട്ടകളെ തകർക്കയും അവന്റെ കൂടിയിരുപ്പുകളെ ഇളക്കയും അവന്റെ പിടിയിൽ നിന്നും ജനത്തെ വിടുവിക്കയും ചെയ്യുന്നവർക്ക് എതിരെയാണ് പോരാടുന്നത്. അഭിഷേകം ചെയ്ത നിന്റെ ഉദ്ദേശം നിവൃത്തിക്കപ്പെടുന്നതുകാണുമ്പോൾ അവൻ അടങ്ങിയിരിക്കയില്ല. യിരമ്യാവിനോടു ദൈവം പറഞ്ഞു അവർ നിന്നോടു യുദ്ധം ചെയ്യും കാരണം യിരമ്യാവ് ചെയ്തത് അവന് ഇഷ്ടമല്ലാത്ത ഒരു ശുശ്രൂഷയായിരുന്നു. ദൈവം അവനെഅയച്ചത് നിർമ്മൂലമാക്കാനും, പൊളിക്കാനും, നശിപ്പിക്കാനും, ഇടിച്ചു കളയാനും, പണിയുവാനും നടുവാനും വേണ്ടിയായിരുന്നു. അതുകൊണ്ട് അവനുനേരെ ശക്തമായി പോരാടി. ദൈവം ഉറപ്പു കൊടുത്തു. അവർ നിന്നെ ജയിക്കയില്ല. അവർ പരാജയപ്പെട്ടു. യിരമ്യാവ് ജയിച്ചു. ദാവീദിനെദൈവം രാജാവായി അഭിഷേകം ചെയ്തുവെന്ന് കേട്ടപ്പോൾ ഫെലിസ്ത്യർ അവനെപിടിക്കാൻ ചെന്നു. ദാവീദ് ദൈവാലോചനപ്രകാരം അവരുടെ നേരെ ചെന്നപ്പോൾ അവർ തോറ്റ് ഓടി. യേശു ക്രിസ്തുവിനെപിതാവ് അഭിഷേകം ചെയ്ത് അയച്ചത് എളിയവരോട് സദ്വർത്തമാനം ഘോഷിക്കുവാനും, ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും കാരാഗൃഹത്തിൽ കിടക്കുന്നവർക്ക് വിടുതൽ നൽകുവാനും ദുഃഖിതരെ ഒക്കെയും ആശ്വസിപ്പിക്കുവാനുമായിരുന്നു. ആ കാര്യങ്ങൾ യേശുക്രിസ്തുവിൽ കൂടെ നടക്കുന്നതു കണ്ടപ്പോൾ യേശുവിനെതിരെ പോരാടി ഇല്ലാതാക്കാൻ മഹാപുരോഹിതന്മാരെയും ന്യായാധിപസംഘത്തെയും ഹെരോദാവിനെയും പിലാത്തോസിനെയും പിശാച് ഉപയോഗിച്ചു. യഹോവയ്ക്കും അവന്റെ അഭിഷിക്തനും വിരോധമായി ഭൂമിയിലെ രാജാക്കന്മാർ എഴുന്നേറ്റു. അധിപതികൾ കൂടി ആലോചിച്ചു. എന്നാൽ അവർ പരാജയപ്പെട്ടു. യേശു ക്രിസ്തു ജയാളിയായി മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു എല്ലാ വാഴ്ചകളെയും അധികാരങ്ങളെയും ശക്തികളെയും കർത്തൃത്വങ്ങളെയും ചവുട്ടിമെതിച്ച് തന്റെ കാൽക്കീഴിലാക്കി.

ഒന്നാം നൂറ്റാണ്ടിൽ ദൈവം ശക്തിയായി ഉപയോഗിച്ച പൌലൊസിന് എതിരെ ശക്തമായി പിശാച് പല ആളുകളിൽ കൂടെ പോരാടിക്കൊണ്ടിരുന്നു. അതു നിമിത്തം അടികൊള്ളേണ്ടി വന്നു, കാരാഗൃഹത്തിൽ കിടക്കേണ്ടി വന്നു, മാനാപമാനങ്ങളും ദുഷ്കീർത്തികളും കേൾക്കേണ്ടി വന്നു. എല്ലാവരാലും കൈവിടപ്പെടുന്ന അനുഭവങ്ങൾ വരെ ഉണ്ടായി. മൃഗയുദ്ധം ചെയ്യേണ്ടി വന്നു. കല്ലേറ് ഏൽക്കേണ്ടി വന്നു. ഒടുവിൽ റോമിലെ കാരാഗൃഹത്തിൽ ശിരച്ഛേദം ചെയ്ത് കൊല്ലാൻ വിധിച്ച് അടച്ചു. അവിടെ കിടന്ന് നിരാശപ്പെട്ട് പരാജിതനായി തീർന്ന പൌലൊസിനെഅല്ല ലോകം കണ്ടത്. ഞാൻ ഒരു പടയാളിയെപ്പോലെ നല്ല പോർ പൊരുതി ജയിച്ചു. ഒരു ഓട്ടക്കാരനെപ്പോലെ ഓട്ടം തികച്ചു. കാവൽക്കാരനെപ്പോലെ വിശ്വാസം കാത്തു നിന്നു, ഇനി നീതിയുടെ കിരീടം എനിക്കായി ഒരുക്കിയിരിക്കുന്നു നീതി ഉള്ള ന്യായാധിപതി അത് നൽകും എന്ന ഒരു ജയാളിയുടെ വാക്കുകളാണ് ലോകം കേട്ടത്. ആത്മീയ പോർക്കളത്തിൽ സർവ്വായുധവർഗ്ഗം ധരിച്ചും എടുത്തും പോരാടി ജയിച്ചാലേ ദൈവസന്നിധിയിൽ എത്തി നീതിയുടെ കിരീടം പ്രാപിക്കാൻ കഴിയുകയുള്ളൂ.

# ഐ.പി.സി ഇളമ്പൽ സഭയ്ക്കായി പണികഴിപ്പിച്ച ആലയസമർപ്പണ ശുശ്രൂഷ നടന്നു.



പുനലൂർ: ഐ.പി.സി ഇളമ്പൽ സഭയ്ക്കായി പണികഴിപ്പിച്ച പ്രാർത്ഥനാലയത്തിന്റെ സമർപ്പണ ശുശ്രൂഷ നടന്നു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ജെയിംസ് ജോർജ്ജ് ആലയം പ്രാർത്ഥിച്ച് ആരാധനയ്ക്കായി തുറന്ന് കൊടുത്തു. ആരാധനാലയം ദൈവത്തിന്റേതാണ് അവിടെ പ്രാർത്ഥനാ ശബ്ദമല്ലാതെ അപശബ്ദങ്ങൾ ഉയർന്ന് കേൾക്കരുത്. ആലയം ഒരു പ്രത്യേക സമൂഹത്തിന്റേതല്ല അവിടേക്ക് മറ്റുള്ളവരും കടന്ന് വന്ന് ആശ്വാസം കണ്ടെത്താൻ കഴിയണമെന്ന് പാസ്റ്റർ ജെയിംസ് ജോർജ്ജ് മുഖ്യസന്ദേശത്തിലൂടെ അറിയിച്ചു. സെന്റർ സെക്രട്ടറി പാസ്റ്റർ റോയി ജോൺ സങ്കീർത്തനം വായിക്കുകയും സഭാശുശ്രൂഷകൻ പാസ്റ്റർ കുര്യൻ മോനച്ചൻ സഭയുടെ ഒരു ലഘുചരിത്രവും കടന്നു വന്നവർക്ക് സ്വാഗതവും അറിയിച്ചു. കഴിഞ്ഞ 26 വർഷത്തെ പാസ്റ്റർ കുര്യൻ മോനച്ചന്റെ സമർപ്പണവും കഠിനാധ്വാനവുമാണ് ഐ.പി.സിയ്ക്ക് പുനലൂർ ഇളമ്പൽ ദേശത്ത് അഭിമാനകരമായ ഒരു പ്രസ്ഥാനം ഉടലെടുക്കാൻ കാരണമെന്ന് പാസ്റ്റർ ബിജു.റ്റി.ഫിലിപ്പ് അദ്ധ്യക്ഷപ്രസംഗത്തിലൂടെ അറിയിച്ചു. വിവിധ സഭാസമൂഹങ്ങളിൽ നിന്നുള്ള വരും തദ്ദേശീയരുമായ നിരവധി പേർ ഈ ശുശ്രൂഷയ്ക്ക് സാക്ഷ്യം വഹിച്ചു. സെന്റർ പുത്രികാസംഘടനാ പ്രവർത്തകരും സീനിയർ ശുശ്രൂഷകന്മാരും ആശംസകൾ അറിയിച്ചു.ഐ.പി.സി സ്റ്റേറ്റ് കൗൺസിൽ മെമ്പറും ഇവാഞ്ചലിസം ബോർഡ് സെക്രട്ടറിയും പുനലൂർ സെന്റർ ട്രഷാറുമായ ബ്രദർ പി.വർക്കി കുട്ടപ്പൻ(പി.വി. കുട്ടപ്പൻ) സെന്ററിനെപ്രധിനിധീകരിച്ച് ആശംസ അറിയിച്ചു.

# പാസ്റ്റർ ഡോ. ആൽവിൻ ഡേവിഡ്
## ഐ.പി.സി അരുണാചൽ പ്രദേശ് സ്റ്റേറ്റ് പ്രസിഡന്റ്



കുമ്പനാട്: ഇന്ത്യൻ പെന്തക്കോസ്തു ദൈവസഭ അരുണാചൽ പ്രദേശ് സ്റ്റേറ്റ് പ്രസിഡന്റായി പാസ്റ്റർ ഡോ. ആൽവിൻ ഡേവിഡ് നിയമിതനായി.അരുണാചൽപ്രദേശ് സ്റ്റേറ്റ് കൗൺസിലിന്റെ ആവശ്യപ്രകാരം ഐ.പി.സി. ജനറൽ കൗൺസിലാണ് അദ്ദേഹത്തെ നിയമിച്ചത്.

ഐ.പി.സി നോർത്ത് അമേരിക്കൻ ഈസ്റ്റേൺ റിജിയൻ കൗൺസിലംഗം ,സൺഡേ സ്കൂൾ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള പാസ്റ്റർ ആൽവിൻ ഡേവിസ് 2008 മുതൽ അരുണാചൽപ്രദേശിൽ സുവിശേഷ പ്രവർത്തനത്തിൽ പങ്കാളിയാണ്.

ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്നു പഠനം പൂർത്തിയാക്കിയ ഇദ്ദേഹം മർച്ചന്റ് നേവിയിൽ റേഡിയോ ഓഫീസറായി 10 വർഷം ജോലിചെയ്തു.1990 മുതൽ മാള,നെടുമ്പാശ്ശേരിഏരിയാ,വെസ്റ്റ്ബംഗാൾ,ഹുബ്ലിഎന്നിവിടങ്ങളിലും മിഷൻ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ചെന്നൈ അണ്ണാനഗറിൽ പാസ്റ്റർ കെ.കെ കുരുവിളയുടെ മകൾ ഗ്രേസ് ആണ് ഭാര്യ. ഏകമകൾ: ജോയ്സ്.

# 20–ാമത് റീമാ പുസ്തകമേള
## സെപ്റ്റംബർ 1 മുതൽ 29 വരെ തിരുവല്ലയിൽ

തിരുവല്ല: റീമാ പബ്ലീഷേഴ്സിന്റെ 20–ാം വാർഷിക ബൈബിൾ പുസ്തകമേള സെപ്റ്റംബർ 1 മുതൽ 29 വരെ പുഷ്പഗിരി റോഡിലുള്ള റീമാ ബുക്ക് ഹൗസിൽ നടക്കും.

ഡയറക്ടർ റവ. സി.പി മോനായിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ ജലവിഭവവകുപ്പു മന്ത്രി മാത്യു ടി. തോമസ് ഉദ്ഘാടനം ചെയ്യും. തിരുവല്ല ഡവലപ്മെന്റ് സൊസൈറ്റി പ്രസിഡന്റ് അഡ്വ. വർഗീസ് മാമ്മൻ ആദ്യ വില്പന നിർവഹിക്കും. 10 പുതിയ പുസ്തകങ്ങളുടെ പ്രകാശനവും ഉണ്ടായിരിക്കും. ഒരുമാസം നീണ്ടുനില്ക്കുന്ന പുസ്തകമേളയിൽ പുസ്തകങ്ങൾക്ക് 50% വരെ ഡിസ്കൗണ്ട് ലഭിക്കും. റീമാ പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച 460–ലധികം ഗ്രന്ഥങ്ങൾക്കും പ്രത്യേക ഡിസ്കൗണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്.

വാർഷിക സമ്മേളനം തിരുവല്ലാ വൈഎംസിഎ ഹാളിൽ 29–ാം തീയതി ശനിയാഴ്ച നടക്കും. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ ആത്മീയ നേതാക്കന്മാർ പങ്കെടുക്കും. 20–ാം വാർഷികത്തോടനുബന്ധിച്ച് വിവിധ ചാരിറ്റി പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ഒരു വർഷം നീണ്ടുനില്ക്കുന്ന വിവിധ പരിപാടികളും നടക്കും. സാഹിത്യ സമ്മേളനം, സാംസ്കാരിക സമ്മേളനം, ജേർണലിസം ക്ലാസ്, പുതിയ എഴുത്തുകാർക്കുള്ള പ്രത്യേക സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്. റീമാ ലൈബ്രറി അംഗത്വം എടുക്കുവാനും പുതുക്കുവാനും അവസരമൊരുക്കിയിട്ടുണ്ട്. 9495614414

# ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കേരളത്തിനൊപ്പം തിരുവനന്തപുരം മേഖലാ പി. വൈ.പി.എ.യും




തിരുവനന്തപുരം: പ്രളയക്കെടുതി അനുഭവിക്കുന്ന കേരളത്തിൽ ഉറ്റവരും ഉടയവരും സമ്പാദ്യവും, ഭവനങ്ങളും ഉടുതുണിപോലും നഷ്ടപ്പെട്ട സമശിഷ്ടങ്ങൾക്ക് ആശ്വാസമായി തിരുവനന്തപുരം മേഖലാ പി. വൈ.പി.എ.യും. തിരുവനന്തപുരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ആഹാരം വസ്ത്രം, കുടിവെള്ളം, ആവശ്യസാധനങ്ങൾ ശേഖരിക്കുന്ന കളക്ഷൻ സെന്ററുകളിൽ മേഖലാ പി.വൈ.പി.എ. പ്രവർത്തകർ സജീവമായി പങ്കാളിത്വം വഹിക്കുകയും ദുരിതം അനുഭവിക്കുന്നവരുടെ ആവശ്യസാധനങ്ങൾ വിവിധഘട്ടങ്ങളായി വിവിധ ഭാഗങ്ങളിൽ നേരിട്ട് വിതരണം ചെയ്യുന്നിതിനും ഇടയായി. ഒറ്റപ്പെട്ട കഴിയുന്നതും ആരും എത്തപ്പെടാത്തതുമായ അവസ്ഥയിൽ കഴിയുന്ന പലർക്കും സാന്ത്വനമായി. പി. വൈ.പി.എ. വരും ദിവസങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ ക്രമീകരിക്കുകയാണ് ലക്ഷ്യം.

## ഐ.പി.സി. വെമ്പായം ഏരിയ അറിയിപ്പ്

ദൈവഹിതമായാൽ ഐ.പി.സി. വെമ്പായം ഏരിയയുടെ മാസയോഗം ഐ. പി. സി. സീനായ് പ്രയർ സെന്ററിൽ വച്ച് 16.09.2018–ാം തീയതി നടക്കും. പാസ്റ്റർ ബൈജു വി. ഇവിടെ കുടുംബമായി പാർത്ത് ശുശ്രൂഷിക്കുന്നു. ഈ സഭയെ ഓർത്ത് പ്രാർത്ഥിക്കുമല്ലോ.

## ഐ.പി.സി ഈരാറ്റുപേട്ട സെന്റർ ഭാരവാഹികൾ

ഈരാട്ടുപേറ്റ: ഐ.പി.സി. സെന്ററിന്റെ പുതിയ വർഷത്തേക്കുള്ള ഭാരവാഹികളെ ഐ.പി.സി ഈരാറ്റുപേട്ട സെന്റർ ശുശ്രൂഷകൻ പാസ്റ്റർ രാജേഷ് പ്ലാത്തോട്ടത്തിന്റെ അദ്ധ്യക്ഷതയിൽ തെരെഞ്ഞെടുത്തു. പ്രസിഡന്റ് പാസ്റ്റർ രാജേഷ് പ്ലാത്തോട്ടം (ഈരാറ്റുപേട്ട) വൈസ് പ്രസിഡന്റ് പാസ്റ്റർ വിനോദ് (പൂഞ്ഞാർ) സെക്രട്ടറി പാസ്റ്റർ രാജേഷ് (കാപ്പാട്) ജോ.സെക്രട്ടറി പാസ്റ്റർ രാജേഷ് (ചോളത്തടം) ട്രഷറർ പാസ്റ്റർ മാനുവൽ റ്റി. ജോസഫ് (ഈരാറ്റുപേട്ട) പബ്ലിസിറ്റി പാസ്റ്റർ സിജു ജോർജ്ജ് (മേളംപാറ)

## സിസ്റ്റർ അനു ചാക്കോ പി.സി.എൻ.എ.കെ. നാഷണൽ ലേഡീസ് കോർഡിനേറ്റർ



ഫ്ളോറിഡ: 2019 ജൂലൈ 4 മുതൽ 7 വരെ മയാമി എയർപോർട്ട് കൺവൻഷൻ സെന്ററിൽ വെച്ച് നടത്തപ്പെടുന്ന 37–ാമത് പി.സി.എൻ.എ.കെ.കോൺഫറൻസിന്റെ നാഷണൽ ലേഡീസ് കോർഡിനേറ്ററായി സിസ്റ്റർ അനു ചാക്കോയെ (ന്യൂയോർക്ക്) തിരെഞ്ഞെടുത്തതായി നാഷണൽ കൺവീനർ റവ. കെ.സി. ജോൺ അറിയിച്ചു. പാസ്റ്റർ ജോർജ്ജ് പി. ചാക്കോയുടെ സഹധർമ്മിണിയും ന്യൂയോർക്ക് ക്രൈസ്റ്റ് അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗവുമാണ് സിസ്റ്റർ അനു ചാക്കോ. ദൈവസഭയുടെ വുമൺസ് മിനിസ്ട്രി ഡയറക്ടറായും സണ്ടേസ്കൂൾ അദ്ധ്യാപകയായും പ്രവർത്തിക്കുന്ന സിസ്റ്റർ അനു ചാക്കോ നോർത്ത് അമേരിക്കൻ അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യാ ഫെലോഷിപ്പിന്റെയും ഈസ്റ്റേൺ റീജിയന്റെ വനിതാ വിഭാഗം കോർഡിനേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. ന്യൂയോർക്ക് യുണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ അനു ചാക്കോ സോഷ്യൽ വർക്ക് സൂപ്പർ വൈസറായി ജോലി ചെയ്യുന്നതോടൊപ്പം അമേരിക്കയിലും വിവിധ രാജ്യങ്ങളിലും ആത്മീക ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിച്ചുവരുന്നു.

## ഐ.പി.സി. വെമ്പായം ഏരിയ മാസയോഗം

തിരുവനന്തപുരം: ഐ.പി.സി. വെമ്പായം ഏരിയയുടെ മാസയോഗം കുറ്റിയാണി ഐ. പി. സി. ഹൗസ് ഓഫ് പ്രയർ ചർച്ചിൽ വച്ച് 12.08.2018–ാം തീയതി നടന്നു. പാസ്റ്റർ ടിനു വി. തങ്കച്ചൻ ഇവിടെ കുടുംബമായി പാർത്ത് ശുശ്രൂഷിക്കുന്നു. ഈ സഭയെ ഓർത്ത് പ്രാർത്ഥിക്കുമല്ലോ.

## ജയോത്സവം ന്യൂസ് അറിയിപ്പ്

**ജയോത്സവം ന്യൂസിന് വാർത്തകൾ, ലേഖനങ്ങൾ, കവിതകൾ, പരസ്യങ്ങൾ തുടങ്ങിയവ അയക്കുമ്പോൾ പേജ്മേക്കർ (പി.എം.ഡി) ഫയൽ അയച്ചു തരിക.**

ജയോത്സവം ന്യൂസിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ, വാർത്തകൾ എന്നിവയിലെ ഉപദേശ വിഷയങ്ങൾ, വിവാദങ്ങൾ എന്നിവയുടെ പൂർണ്ണ ഉത്തരവാദിത്വം അത് എഴുതുന്ന വ്യക്തികൾക്ക് മാത്രമായിരിക്കും.

**JAYOLASAVAM NEWS**
Konnanilkunnathil
TC 20/2073
Ebenezer Gardens
Kudappankunnu P.O.
Thiruvananthapuram
Kerala, India

# JAYOLSAVAM NEWS

DATE OF PUBLISHING 20TH AUGUST 2018

REGISTERED NEWS PAPER
RNI No: KERBIL/2010/31734
PostalLicence No-
KL/TV(S)/364/2016-2018
KL/TV(S)/WPP/156/2016-2018
RMS Thiruvananthapuram

Vol- 11, Issue- 8 | AUGUST | Thiruvananthapuram | Monthly

## പ്രളയ ബാധിത പ്രദേശങ്ങളിലേക്ക് സഹായ ഹസ്തവുമായി ജയോത്സവം ടീം














## ഗോൾഡ് മെഡൽ ലഭിച്ചു



സാം തോമസ് മാത്യു

കർണാടക കേന്ദ്ര സർവകലാശാലയിൽ നിന്നും എം.എസ്.സി. സൈക്കോളജിയിൽ സാം തോമസ് മാത്യുവിന് ഒന്നാം റാങ്ക് ലഭിച്ചു. 2018 ജൂലൈ 13ന് യൂണിവേഴ്സിറ്റിയിൽ നടന്ന കോൺവൊക്കേഷനിൽ ഗോൾഡ് മെഡൽ നൽകി ആദരിക്കുകയുണ്ടായി. സണ്ടേസ്കൂൾ അദ്ധ്യാപകൻ, പി.വൈ.പി.എ സെന്റർ ട്രഷറർ, സ്റ്റേറ്റ് കമ്മിറ്റി മെമ്പർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള സാം, ഐ.പി.സി നിലമ്പൂർ നോർത്ത് സെന്റർ മിനിസ്റ്റർ പാസ്റ്റർ മാത്യു തോമസ് – മോളി മാത്യു ദമ്പതികളുടെ ഏകമകനും ജയ്പ്പൂർ അമിറ്റി യൂണിവേഴ്സിറ്റിയിലെ എം.ഫിൽ ക്ലിനിക്കൽ സൈക്കോളജി വിദ്യാർത്ഥിയുമാണ്.



**കേരളത്തിനായി**
**നമുക്ക് പ്രാർത്ഥിക്കാം.**
**ഒറ്റക്കെട്ടായി പ്രവർത്തിക്കാം**

*We may present every man perfect in Christ Jesus*

# JAYOLSAVAM THEOLOGICAL SEMINARY

BENEDICT NAGAR,NALANCHIRA
THIRUVANANTHAPURAM
www.jayolsavam.org




**OUR SPECIALITIES**

- Recognized by IPC General Council
- Accreditation by IATA
- ATA M. Div. & B.Th.
- Qualified & Experienced Faculty
- Excellent practical training in ministry
- Well equipped library
- Hostel facilities for Men.

M. Div., B. Th.,Dip.Th. & C. Th.
Evening batches available

Admission continues

**Our Courses**

| PROGRAMME | MEDIUM | DURATION | ADMISSION REQUIRMENTS |
|---|---|---|---|
| M.Div. | Engl. | 2/3 years | B. Th/ Degree |
| B. Th. | Engli. | 3 yrs | +2 Pass |
| Dip.Th. | Eng./Mal. | 2 Years | S.S.L.C. |

M.Div. (ATA) Programme for B. Th. or Degree holders.
B.Th. (ATA) Programme for Plus Two Pass

Scholarship available for Residential Program



Pr. K. C. Thomas
Patron



Pr. Daniel Konnanilkkunnathil
Director



Rev. Nebu Mathson
Principal



Rev. Jerry John
Registrar



Mr. Felix William
Administrator

For further Information

Director
Jayolsavam Theological Seminary
Post Box - 853, Kowdiar P.O.,
Trivandrum- 695003
Ph:9526952121,9447868368
Email:jayolsavamts@gmail.com

Design: ajikattakkada@9895521191

Printed, Published, Edited & Owned by Daniel K. Jacob, Konnanilkunnathil, KP 3/414, Ebenezer Gardens, Kudappanakunnu P.O., Thiruvananthapuram - 695043, Kerala, India. Design & Layout: AjiKumar Kattakkada, Printed at Cochin Printech Pvt. Ltd., Udyogamandal P.O., Eloor, Cochin-683 501.